
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




**ഏപ്രിൽ 7 – പുതുഞായർ**

Vol. LXXIV April 2024 No. 4



**ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിക്കപ്പെടുന്ന കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ശിലാസ്ഥാപന കർമ്മത്തിൽനിന്ന്**



## ഏപ്രിൽ 10 ന്
## 98–ാം ജന്മദിനം ആഘോഷിക്കുന്ന
## അഭിവന്ദ്യ മാർ ജോസഫ്
## പള്ളിക്കാപറമ്പിൽ പിതാവിന്
## രൂപതാകുടുംബത്തിന്റെ
# പിറന്നാളാശംസകൾ





മ്ശംശാനപട്ടം സ്വീകരിച്ച പാലാ രൂപത വൈദികാർത്ഥികൾ
അഭിവന്ദ്യ പിതാവിനോടും സഹകാർമികരോടുമൊപ്പം



പാലാ രൂപത പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളെ
ക്കുറിച്ചു ചർച്ച ചെയ്യാൻ അഭിവന്ദ്യ മാർ ജോസഫ്
പള്ളിക്കാപറമ്പിൽ പിതാവിന്റെ സാന്നിധ്യത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ
അധ്യക്ഷതയിൽ കൂടിയ യോഗം



കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽനിന്ന്
ബഹു. മൂങ്ങാമാക്കൽ വിൻസെന്റച്ചൻ
അൾത്താരബാലന്മാർക്കായി തയ്യാറാക്കിയ
'അൾത്താരയിലെ മാലാഖമാർ' എന്ന പുസ്തകം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
പ്രകാശനം ചെയ്യുന്നു.



ചങ്ങനാശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ
മരണത്തിന്റെ ഒന്നാം വാർഷികത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം അഭിവന്ദ്യ പിതാക്കന്മാർ
കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുന്നു

# കലാലയവിശേഷങ്ങൾ



ചേർപ്പുങ്കൽ ബി.വി.എം. കോളേജിന്റെ ബിരുദദാനച്ചടങ്ങിൽനിന്ന്



ഈ വർഷം സർവീസിൽനിന്നു വിരമിക്കുന്ന സെയ്ന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ
റവ. ഡോ. ജെയിംസ് ജോൺ മംഗലത്തച്ചനും മറ്റ് അധ്യാപകരും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം

---



പാലാ ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന കുടുംബക്കൂട്ടായ്മ രൂപതാതലവാർഷികം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



കൊഴുവനാൽ ഇടവകയിൽ ദാനമായി ലഭിച്ച 95 സെന്റ് സ്ഥലത്ത് ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി
നിർമ്മിക്കുന്ന 12 വീടുകളുടെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**APRIL 2024**
**Vol. LXXIV No. 4**

# CONTENTS

സർക്കുലർ 324 ........ 263

സംയുക്ത സർക്കുലർ ........ 269

സർക്കുലർ ........ 276

അറിയിപ്പ് ........ 282

വാർത്തകൾ ........ 293

ആദരാഞ്ജലികൾ ........ 328

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 331

സർക്കുലർ- 324

# കത്തോലിക്കാ കോൺഗ്രസ്

ലോകമെമ്പാടുമുള്ള സീറോ മലബാർ സമുദായാംഗങ്ങളെ ചേർത്തുനിർത്തി അവരുടെ സാമൂഹികവും സാംസ്കാരികവുമായ വിഷയങ്ങളെ ഏറ്റെടുത്തു മുന്നേറുന്ന സംഘടനയാണല്ലോ കത്തോലിക്കാ കോൺഗ്രസ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ കാർഷികരംഗത്തുൾപ്പെടെ വിവിധ മേഖലകളിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവൽപ്രശ്നങ്ങളെ സമൂഹത്തിൽ അവതരിപ്പിക്കാനും സർക്കാരുകളുടെ ശ്രദ്ധ ക്ഷണിച്ചു പരിഹാരം കണ്ടെത്താനും കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന നിരന്തരപോരാട്ടങ്ങൾ ശ്ലാഘനീയമാണ്. സാമൂഹികപ്രശ്നങ്ങളിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഇടപെടലുകൾ നമ്മുടെ സമുദായത്തിനു മാത്രമല്ല, പൊതുസമൂഹത്തിനുതന്നെ പ്രതീക്ഷാനിർഭരമായിരിക്കുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം.

നമ്മുടെ സഭയുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് 2024 ഏപ്രിൽ 30 ന് 106 വർഷങ്ങൾ പൂർത്തിയാവുകയാണ്. 1904 ൽ മാന്നാനത്ത് നാല്പതുമണി ആരാധനയുടെ സമാപനത്തിലാണ് കത്തോലിക്കർക്ക് ഒരു സമുദായസംഘടന വേണമെന്ന ചിന്ത ഉദയം ചെയ്തത്. 1904 ൽ നാല്പതുമണി ആരാധനയുടെ സമാപനത്തിൽ ഒരു സമുദായസമ്മേളനം നടന്നു. ക്രാന്തദർശിയായ നിധീരിക്കൽ മാണിക്കത്തനാരുടെയും പാറായിൽ വർക്കി തരകന്റെയും നേതൃത്വത്തിൽ നടന്ന സമുദായസമ്മേളനത്തെ തുടർന്ന് ഓരോ വർഷവും കൊച്ചി - തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ വമ്പിച്ച സമുദായസമ്മേളനങ്ങൾ നടത്തപ്പെടുകയുണ്ടായി. തുടർന്ന് 1918 ൽ ചങ്ങനാശ്ശേരിസമ്മേളനത്തിൽവച്ച് കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യരൂപമായ

'കേരള കത്തോലിക്കാ മഹാജനസഭ' എന്ന സംഘടന രൂപം കൊണ്ടു. 1930 ൽ ചേർത്തലയിൽ നടന്ന സമ്മേളനത്തിൽ വച്ച് 'അഖിലകേരള കത്തോലിക്കാ കോൺഗ്രസ്' എന്ന പേരു സ്വീകരിച്ചു ശക്തമായ പ്രവർത്തനങ്ങളിലൂടെ നവോത്ഥാന രംഗത്തു നിറഞ്ഞുനിന്നു. സംഘടനാരൂപീകരണത്തിനും തുടർന്നുള്ള കാലഘട്ടങ്ങളിൽ നേതൃത്വം വഹിക്കാനും ഇന്നത്തെ പാലാ രൂപതയുടെ അതിർത്തിയിൽവരുന്ന കാരണവന്മാരാണ് മുൻപന്തിയിൽ ഉണ്ടായിരുന്നുവെന്നതും പിന്നീടുള്ള നാളുകളിൽ എല്ലാം നമ്മുടെ രൂപതയിൽനിന്നുള്ള നേതാക്കൾ സമുദായത്തിനു ശക്തമായ നേതൃത്വം നൽകിയെന്നതും ഏറെ അഭിമാനകരമാണ്.

പ്രാരംഭകാലഘട്ടത്തിൽ നവോത്ഥാനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് നിരവധി സാമൂഹികമാറ്റങ്ങൾക്കു നേതൃത്വം നൽകിയെന്നത് ഇന്നത്തെ തലമുറ വിസ്മരിക്കുന്ന യാഥാർത്ഥ്യമാണ്. മലയാളി മെമ്മോറിയൽ, പൗരസമത്വവാദപ്രക്ഷോഭം, നിവർത്തനപ്രക്ഷോഭം, ദിവാൻ സി.പിക്കെതിരേ നടന്ന പ്രക്ഷോഭങ്ങൾ, വിമോചനസമരത്തിനു കളമൊരുക്കിയ വിദ്യാഭ്യാസസമരം, ചുരുളി കീരിത്തോട് കുടിയിറക്ക്, അമരാവതി കുടിയിരുത്തൽ എന്നിവയ്ക്കെതിരേ നടന്ന സമരങ്ങൾ, 1972 ലെ കോളേജ് സമരം തുടങ്ങി നിരവധി മുന്നേറ്റങ്ങൾക്കു നേതൃത്വം നൽകിയത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. മാർ കരിയാറ്റിയുടെ ഭൗതികശരീരം കേരളക്കരയിൽ പുനഃപ്രതിഷ്ഠ നടത്തിയതും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലായിരുന്നു. തുടർന്നുള്ള നാളുകളിലും റബ്ബർ ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചക്കെതിരേയും ന്യൂനപക്ഷാവകാശധ്വംസനങ്ങൾക്കെതിരേയും വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾക്കെതിരേയും ശക്തമായ ഇടപെടലുകൾ സംഘടനയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ഗാഡ്ഗിൽ കസ്തൂരി

രംഗൻ റിപ്പോർട്ടുകൾക്കെതിരേയും, ചർച്ച് ആക്ടിനെതിരേയും, ബഫർ സോണിനെതിരേയും നിരന്തരപ്രക്ഷോഭങ്ങൾ നടത്തി സർക്കാരുകളെക്കൊണ്ടു തിരുത്തിച്ച് വിജയം വരിച്ചത് അഭിമാനാർഹമായ നേട്ടങ്ങളാണ്. തീവ്രമതനിലപാടുകൾ ഉയർത്തുന്ന വെല്ലുവിളികൾക്കും കടന്നുകയറ്റങ്ങൾക്കുമെതിരേയും സിനിമയും നാടകങ്ങളും ഉൾപ്പെടെ വിവിധ മാധ്യമ അജണ്ടകൾക്കെതിരേയും, വന്യമൃഗ ആക്രമണം ഉൾപ്പെടെയുള്ള കർഷകദ്രോഹനടപടികൾക്കെതിരേയും കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന നിരന്തര ഇടപെടലുകൾ സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും ഏറെ പ്രതീക്ഷാനിർഭരമാണെന്നത് പ്രത്യേകം എടുത്തുപറയേണ്ടതുതന്നെയാണ്.

ഇന്ന് ലോകത്ത് നാല്പത്തിനാലോളം രാജ്യങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തിക്കുന്നു. വിവിധ രാജ്യങ്ങളിലേക്കു വിദ്യാഭ്യാസത്തിനും ജോലികൾക്കുംമറ്റുമായി പോകുന്ന നമ്മുടെ സഭാംഗങ്ങളെ കോർത്തിണക്കി ഒരു ഗ്ലോബൽ നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങളിൽ സംഘടന മുന്നേറിക്കൊണ്ടിരിക്കുകയാണ്. സഭയുടെ യുവജനസംഘടനയിലൂടെ പ്രവർത്തിച്ചു പുറത്തുവരുന്ന യുവനേതാക്കളെ ഉൾപ്പെടുത്തി യൂത്ത് കൗൺസിൽ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചത് ഇക്കാലത്തു ശ്രദ്ധേയമാണ്.

സമകാലീനസാഹചര്യങ്ങൾ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ പ്രേരിപ്പിക്കുന്നതാണ്. വൈദികർക്കും സന്ന്യസ്തർക്കും കടന്നുചെല്ലാൻ പ്രയാസമുള്ള ഭൗതികമേഖലകളിലെ വിശുദ്ധീകരണത്തിന് അല്മായർ യത്നിക്കണം. നമ്മുടെ നാടിന്റെ നട്ടെല്ലായ കാർഷികമേഖല നിലനിൽക്കണമെങ്കിൽ കാർഷിക പ്രശ്നങ്ങൾ ഏറ്റെടുക്കാനും പുതിയ കാർഷികസംസ്കാരത്തിനു രൂപംകൊടുക്കാനും ശ്രമിക്കേണ്ടതുണ്ട്. ബിസിനസ്സ്

രംഗത്തുനിന്ന് നമ്മുടെ ആളുകൾ പിൻവാങ്ങുന്നത് സമുദായത്തിന്റെ വളർച്ചയ്ക്കും സ്വാധീനത്തിനും വിഘാതം സൃഷ്ടിക്കുമെന്നതിനാൽ ശക്തമായ പിന്തുണ നൽകാൻ നമുക്കോരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. സിവിൽ സർവീസ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ സർവീസുകളിൽ നമ്മുടെ കുട്ടികളെ എത്തിക്കുന്നതിനു വലിയ പ്രോത്സാഹനം നൽകണം. ഭരണ - രാഷ്ട്രീയ നേതൃനിരയിൽ ക്രൈസ്തവ സാന്നിധ്യം കുറഞ്ഞുവരുന്നത് ഗൗരവത്തോടെ കാണുകയും മൂല്യബോധമുള്ള തലമുറയെ ഈ രംഗത്തേക്കു കടത്തിവിടാൻ ശ്രദ്ധിക്കുകയും വേണം. നമ്മുടെ യുവതലമുറയെ ലഹരി ഉൾപ്പെടെയുള്ള വിവിധ സാമൂഹികതിന്മകൾക്ക് അടിമകളാക്കാനും ചൂഷണം ചെയ്യാനും നടക്കുന്ന സംഘടിതശ്രമങ്ങളെ പ്രതിരോധിക്കുകയും ചെറുത്തുതോല്പിക്കുകയും വേണം. സാമൂഹികമാധ്യമങ്ങളിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും നമ്മുടെ സഭയെ അവഹേളിക്കാനും തകർക്കാനുമുള്ള ഗൂഢനീക്കങ്ങളെ തിരിച്ചറിഞ്ഞ് സമുദായം ഒറ്റക്കെട്ടായി നിൽക്കേണ്ടതിന്റെ ആവശ്യകത നാം ഓർക്കണം. തീവ്രനിലപാടുകളിൽ ഊന്നി നമ്മുടെ ആരാധനാലയങ്ങളിലേക്കും കുടുംബങ്ങളിലേക്കും കടന്നുകയറാനുള്ള ശ്രമങ്ങളെ ചെറുക്കാൻ സമുദായശക്തി നിതാന്തജാഗ്രത പുലർത്തണം. സമുദായാംഗങ്ങളുടെ പ്രശ്നങ്ങളിൽ പരസ്പരം സഹായിക്കാനും ഒപ്പം നിൽക്കാനും അതുവഴി സമുദായബോധവും സംഘചൈതന്യവും ഉണ്ടാകാനും ഒറ്റക്കെട്ടായി നിൽക്കാനുള്ള കൂട്ടായ്മ രൂപീകരിക്കണം. ഇത്തരം പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കാൻ കത്തോലിക്കാ കോൺഗ്രസിനെ കൂടുതൽ ശക്തമാക്കാൻ നമുക്കു പരിശ്രമിക്കാം.

നമ്മുടെ രൂപതയിൽ വിവിധ തലങ്ങളിൽ നിസ്വാർത്ഥരും പക്വമതികളുമായ ധാരാളം അല്മായർ കത്തോലിക്കാ കോൺഗ്രസിലൂടെ നേതൃനിരയിലേക്കു വരുന്നുണ്ട് എന്നത്

ഏറെ സന്തോഷകരമാണ്. സഭയുടെ പ്രവർത്തനങ്ങൾക്കു ശക്തി പകരുന്ന അവരുടെ നേതൃത്വത്തെയും അവർക്കു പിന്തുണയും പ്രോത്സാഹനവും നൽകുന്ന ബഹു. വൈദികരെയും നന്ദിപൂർവ്വം ഓർക്കുന്നു. കക്ഷിരാഷ്ട്രീയ സങ്കുചിതചിന്തകൾക്കതീതമായി സമുദായതാത്പര്യങ്ങൾക്കു പ്രഥമപരിഗണന കൊടുക്കുന്ന ധാരാളം അല്മായർ ഇനിയും ഈ രംഗത്തേക്കു കടന്നുവരണം. നമ്മുടെ ഇടവകയൂണിറ്റുകളിൽ പരമാവധി പേർ അംഗത്വമെടുക്കുകയും സംഘടന ഇല്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചും 'സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് രൂപത'യാക്കി നമ്മുടെ രൂപതയെ മാറ്റിയും സമുദായസംഘടനയെ ശക്തിപ്പെടുത്താം.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ 106-ാം ജന്മവാർഷികാഘോഷങ്ങൾ ഈ വർഷം പാലാ രൂപതയിൽവച്ചാണു നടക്കുന്നതെന്നത് ഏറെ സന്തോഷകരമാണ്. മെയ് മാസത്തിൽ നടക്കുന്ന വാർഷികാഘോഷങ്ങളിൽ കേരളത്തിലെയും ഭാരതത്തിലെ വിവിധ പ്രദേശങ്ങളിലെ രൂപതകളിൽനിന്നും ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചു ചർച്ചകൾ നടത്താനും കർമ്മപദ്ധതികൾ രൂപീകരിക്കാനുമുള്ള വേദിയാണ് ഗ്ലോബൽ സമ്മേളനം. ഒപ്പം, നമ്മുടെ ഐക്യവും കൂട്ടായ്മയും പൊതുസമൂഹത്തിലുൾപ്പെടുത്താനുള്ള അവസരവും. എല്ലാവരും ജന്മവാർഷികാഘോഷപരിപാടികളിൽ പങ്കെടുക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും വേണം. ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച സ്തോത്രക്കാഴ്ച കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യുമല്ലോ.

ക്രിയാത്മകവും നിസ്വാർത്ഥവുമായ ഇടപെടലുകളിലൂടെ സമുദായത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും

വളർച്ചയ്ക്കുവേണ്ടി കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന പ്രവർത്തനങ്ങൾക്കു നന്ദിയും പിന്തുണയും അറിയിക്കുന്നു. വരുംകാലഘട്ടങ്ങളിലും സഭയുടെയും സമുദായത്തിന്റെയും കാവൽശക്തിയായി നിലകൊള്ളുവാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഏവരുടെയും സഹകരണം ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. പ്ലാറ്റിനം ജൂബിലിവർഷത്തിൽ പാലാ സമ്പൂർണ കത്തോലിക്കാ കോൺഗ്രസ് രൂപതയായി മാറണം. അല്മായ ശക്തീകരണത്തിന്റെ മാതൃകയായി നമുക്കു മാറാൻ കഴിയട്ടെ.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 02.04.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: ഈ സർക്കുലർ ഏപ്രിൽ 14 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.

സംയുക്ത സർക്കുലർ

24. Ch. 300-382

## സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

## മത്സരപ്പരീക്ഷാവിജയത്തിനുറപ്പുള്ള പാത

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഏതു രാഷ്ട്രത്തിന്റെയും ബലിഷ്ഠമായ അടിത്തറ ഉചിതമായ വിദ്യാഭ്യാസത്തിലൂടെ സ്വഭാവസംസ്കരണവും പൂർണ്ണവ്യക്തിത്വവികാസവും കാലോചിതമായ അറിവുകളും ലോകബോധവും ആർജ്ജിച്ച സമൂഹമാണ്. ഈ ബോധ്യത്തോടെ ആത്മീയ, ഭൗതിക വിജ്ഞാനങ്ങളെ സമഞ്ജസമായി കൂട്ടിയിണക്കി രാജ്യസ്നേഹവും മതസൗഹാർദ്ദവും ആദർശാത്മകമൂല്യങ്ങളും ഊട്ടിയുറപ്പിക്കുന്ന ബോധനരീതിയിലൂടെ ഭാരതത്തിലെ സർവ്വജനങ്ങളുടെയും അഭിവൃദ്ധിക്ക് ഉപയുക്തമായ വിദ്യാഭ്യാസമാണ് സഭ നൽകിവരുന്നത്. തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലത്ത് മനുഷ്യനെ മനുഷ്യനായിക്കണ്ട് പിന്നാക്കം നിന്നിരുന്ന-അവഗണിക്കപ്പെട്ടിരുന്ന-വിഭാഗങ്ങൾക്കും വിദ്യാലയപ്രവേശനം നൽകി വിദ്യയെ സാർവ്വത്രികമാക്കുവാനും സാമൂഹികപുരോഗതിക്കു കുതിപ്പേകുവാനും മുന്നിട്ടിറങ്ങിയ ചരിത്രമാണ് ക്രൈസ്തവസമൂഹത്തിനും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുമുള്ളത്. പ്രാദേശിക നാട്ടുപാരമ്പര്യങ്ങളും പടിഞ്ഞാറുനിന്നു മിഷണറിമാരിലൂടെ കടന്നുവന്ന പുത്തൻ വൈജ്ഞാനിക ലോകവും തമ്മിലുള്ള അഭിമുഖീകരണത്തിലൂടെയാണ് നമ്മുടെ പൂർവ്വികർ ഭാരതത്തിലുടനീളം അറിവിന്റെ വാതായനങ്ങൾ തുറന്നത്. ആതുരസേവനം, കൃഷി തുടങ്ങിയ രംഗങ്ങളിലും ഏവരുടെയും

പ്രശംസ നേടത്തക്ക മുന്നേറ്റം ക്രൈസ്തവരിൽനിന്നുണ്ടായി. സഭാനേതൃത്വവും അല്മായസമൂഹവും കാലാകാലങ്ങളിൽ നടത്തിയ കൂട്ടായ പരിശ്രമങ്ങളാണ് വലിയൊരളവോളം സാമൂഹിക സാംസ്കാരിക സാമ്പത്തിക രംഗങ്ങളിലെ കുതിപ്പിന് ഊടും പാവുമിട്ടത്. എന്നാൽ, ഇന്ന് സങ്കുചിതവും വിഭാഗീയവും ഗൂഢവുമായ ചില നീക്കങ്ങൾ നമ്മുടെ രാഷ്ട്രീയ-മതാത്മക-വിദ്യാഭ്യാസ അന്തരീക്ഷത്തിന്റെ പരിപാവനതയ്ക്കു കളങ്കം ചാർത്തുന്നുണ്ടോ എന്നു നാം സംശയിക്കണം. കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസനയങ്ങളിലും പാഠ്യപദ്ധതിയിലും ചില രാഷ്ട്രീയ-മത സ്വാധീനങ്ങൾ കടന്നുകൂടുന്ന വർത്തമാനകാലയാഥാർത്ഥ്യങ്ങൾ നമ്മെ അമ്പരപ്പിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിനുപുറമേ ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതികവിദ്യാഭ്യാസരംഗത്തും കേരളത്തിനകത്തും പുറത്തും ക്രൈസ്തവസ്ഥാപനങ്ങൾ എന്നും മികവിന്റെ കേന്ദ്രങ്ങളാണ്. ശാസ്ത്രസാങ്കേതികമേഖലകളിലെ വൻകുതിപ്പും ഉദാരീകരണവും ആഗോളീകരണവും യുവജനങ്ങൾക്കു മുമ്പിൽ തുറന്നിട്ട പുത്തൻ തൊഴിൽസാധ്യതകൾ തിരിച്ചറിഞ്ഞ് എൻജിനീയറിങ്, മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് നാം ചെലുത്തിയ ശ്രദ്ധ കാലോചിതംതന്നെയായിരുന്നു. എന്നാൽ, യുവതലമുറ ആർജ്ജിച്ച സാങ്കേതികവും വൈജ്ഞാനികവും ബൗദ്ധികവും ധിഷണാപരവുമായ മികവ് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹികവളർച്ചയ്ക്കും വിനിയോഗിക്കാനുള്ള പ്രതിബദ്ധത വേണ്ടത്ര ഇല്ലാതെപോയി എന്നത് സങ്കടകരംതന്നെ. വിദ്യാസമ്പന്നമായ യൗവനം തൊഴിൽ തേടി വലിയ തോതിൽ വിദേശത്തേക്ക് ഒഴുകിത്തുടങ്ങിയതിനു പിന്നാലെ വലിയ മുതൽമുടക്കി വിദ്യാഭ്യാസത്തിനായി നാടുവിട്ടുപോകുന്ന പ്രവണതയും ശക്തമായിത്തുടങ്ങി. അനഭിലഷണീയവും ദൂരവ്യാപകദോഷഫലങ്ങൾ സൃഷ്ടിക്കുന്നതുമായ ഈ രീതി ക്രൈസ്തവസമൂഹത്തെയാണ് ഏറെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. പൊതുപ്രവർത്തനരംഗത്തും

സർക്കാർ-അർദ്ധസർക്കാർ-സ്വകാര്യ തൊഴിൽരംഗങ്ങളിലും ക്രൈസ്തവസാന്നിദ്ധ്യം നാൾക്കുനാൾ കുറഞ്ഞുവരുന്നു. നമ്മുടെ കുട്ടികൾ എന്താവണമെന്ന് ആലോചിക്കുന്നതോടൊപ്പം എങ്ങനെ ആ നിലയിലെത്താം എന്നുകൂടി അറിയണം. സാക്ഷരതയിലും പഠനനിലവാരത്തിലും പിന്നാക്കം നിൽക്കുന്ന സംസ്ഥാനങ്ങൾപോലും ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. പോലുള്ള സിവിൽ സർവ്വീസ് പരീക്ഷകളിൽ കേരളത്തെക്കാൾ മുന്നിലെത്തുന്നത് സ്കൂൾതലം മുതൽ മത്സരപ്പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നതുകൊണ്ടാണെന്നു നാം മറക്കരുത്. നമ്മുടെ രാജ്യത്തുള്ള ഉന്നതപഠനസൗകര്യങ്ങളും മികച്ച വിദ്യാഭ്യാസ-തൊഴിൽ സാധ്യതകളും യുവതലമുറയെ പരിചയപ്പെടുത്തുന്നതിനാവശ്യമായ കരിയർ ഗൈഡൻസിനും മത്സരപ്പരീക്ഷാപരിശീലനത്തിനുമാണ് ഇന്ന് പ്രഥമപരിഗണനയുണ്ടാവേണ്ടത്. നല്ല സ്കോളർഷിപ്പോടെ ഉന്നതവിദ്യാഭ്യാസം നേടാൻ രാജ്യത്തെ മുന്തിയ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള അവസരങ്ങളും തൊഴിൽസാധ്യതകളും പുതുതലമുറ അറിയാതെ പോകരുത്. ഇതിനു സഹായകമായ പൊതുബോധം വിദ്യാർത്ഥികളിലും മാതാപിതാക്കളിലും സൃഷ്ടിക്കുവാൻ അദ്ധ്യാപകർക്കും വിദ്യാഭ്യാസപ്രവർത്തകർക്കും ഉത്തരവാദിത്വമുണ്ട്.

ഒരുകാലത്ത് തീർത്തും ശുഷ്കമായിരുന്ന സിവിൽ സർവ്വീസ് രംഗത്തെ കേരളത്തിന്റെ പ്രാതിനിധ്യം കണ്ടറിഞ്ഞ് ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ച സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് 5-ാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് ലക്ഷ്യോന്മുഖമായ പഠനത്തിനും വിവിധ മത്സരപ്പരീക്ഷാപരിശീലനത്തിനുമുള്ള കോഴ്സുകൾ നൽകിവരുന്നു. കഴിഞ്ഞ 26 വർഷത്തെ മികച്ച പ്രവർത്തനത്തിലൂടെ 350 പേരെ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ സിവിൽ സർവ്വീസുകളിലും മറ്റനേകരെ

ഇതര തൊഴിൽമേഖലകളിലും എത്തിക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ വർഷം സിവിൽ സർവ്വീസ് ഫുൾടൈം പരിശീലനത്തിനു ചേരുന്ന വിദ്യാർത്ഥികൾക്ക് 50 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകുന്ന വിവരം അറിയിക്കുവാൻ സന്തോഷമുണ്ട്. മെയ് മാസം 5-ാം തീയതി ഓൺലൈനായും 13-ാം തീയതി ഓഫ്ലൈനായും നടത്തുന്ന യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിൽ 25 പേർക്ക് സൗജന്യമായും 50 പേർക്ക് ഭാഗിക ഫീസാനുകൂല്യത്തോടെയും പരിശീലനം നേടാൻ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന അവസരം നമ്മുടെ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തണം. മറ്റു കോഴ്സുകളിലും അർഹരായവർക്കു ഫീസ് ഇളവും സ്കോളർഷിപ്പുകളും നൽകുന്നുണ്ട്.

ഐ.എ.എസ്, ഐ.പി.എസ്. ഐ.എഫ്.എസ്. തുടങ്ങിയ 21 സിവിൽ സർവ്വീസുകളിലേക്ക് 2025 ൽ നടക്കുന്ന പരീക്ഷയ്ക്കുള്ള കോച്ചിങ് ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരി യോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നു ഘട്ടപരീക്ഷകൾക്കുമുള്ള പരിശീലനമാണു നൽകുന്നത്. ഡിഗ്രിപഠനകാലത്തുതന്നെ ഐ.എ.എസ് പരീക്ഷയ്ക്കൊരുക്കുന്ന ആഡ് ഓൺ കോഴ്സും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, കേരള പി.എസ്.സി. എന്നിവയ്ക്കുള്ള പരിശീലനവും കുറ്റമറ്റരീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സ്, ഒൻപത്, പത്ത് ക്ലാസുകാർക്ക് ബ്യൂട്ടിഫുൾ മൈന്റ്സ് കോഴ്സ്, 5 മുതൽ 8 വരെ പഠിക്കുന്നവർക്ക് ഈ ജൂൺമാസത്തിൽ ആരംഭിക്കുന്ന 'ബ്ലൂമിങ് മൈന്റ്സ്' ഓൺലൈൻ കോഴ്സ്, സ്കൂൾ കുട്ടികൾക്കുള്ള സമഗ്രവ്യക്തിത്വവികസനക്യാമ്പ് എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിൽ നട

ത്തിവരുന്നു. 8 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾക്കു പങ്കെടുക്കാവുന്ന റെസിഡെൻഷ്യൽ ക്യാമ്പ് ഈ വർഷം ഏപ്രിൽ 11 ന് തുടങ്ങി 14 ന് അവസാനിക്കും. ഇന്ത്യയിലെ അമ്പതോളം മികച്ച യൂണിവേഴ്സിറ്റികളിൽ പ്രവേശനത്തിനുള്ള സി.യു.ഇ.റ്റി. എന്ന മത്സരപ്പരീക്ഷയ്ക്കുള്ള പരിശീലനവും ഈ വർഷം ആരംഭിക്കും. പുതുതലമുറയെ മികവിലേക്കു നയിക്കുന്ന ഇത്തരം പ്രോഗ്രാമുകളിൽ കഴിയുന്നത്ര കുട്ടികൾ പങ്കാളികളാവണമെന്നു താത്പര്യപ്പെടുന്നു.

വിദ്യാഭ്യാസത്തിലെ പരമ്പരാഗത രീതിശാസ്ത്രങ്ങൾ പൊളിച്ചെഴുതി എഴുത്തുപ്രതലംതന്നെ സ്ക്രീനായി മാറുകയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും നിർമ്മിതബുദ്ധിയുടെയും ലോകം പഠിതാക്കൾക്കുമുമ്പിൽ തുറക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാല യാഥാർത്ഥ്യത്തെയാണ് ഇന്നു നാം അഭിമുഖീകരിക്കുന്നത്. വൈജ്ഞാനികസാങ്കേതികമേഖലകളുടെ ഉൾത്തളങ്ങളിൽ നടക്കുന്ന മാറ്റങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ടുള്ള പഠനമുറകളാണ് ഇന്നിന്റെ ആവശ്യം. പത്രവും പുസ്തകവും കാഴ്ചവസ്തുക്കളാവുകയും ഇലക്ട്രോണിക് മാധ്യമങ്ങൾ ദൃശ്യബിംബങ്ങളുടെ അകമ്പടിയോടെ വായനയുടെയും പഠനത്തിന്റെയും വിശാലവഴികളിലേക്കു കടന്നുവരുകയും ചെയ്യുന്നതിനനുരൂപമായ പഠനപ്രക്രിയയെക്കുറിച്ചാണ് നാം ഇനി ചിന്തിക്കേണ്ടത്.

ഇന്നിന്റെ സാമൂഹിക സാംസ്കാരിക പരിണാമവും പുതിയ അഭിരുചികളും ആവശ്യങ്ങളും സാധ്യതകളും അറിവിടങ്ങളും ഇതിന്റെയെല്ലാം സദ്ഫലങ്ങളായ പുതിയ തൊഴിൽ സാധ്യതകളുമാണ് വിദ്യാഭ്യാസത്തിന്റെ കണ്ണികളായി ഇന്ന് കൂട്ടിച്ചേർക്കപ്പെടേണ്ടത്. പുതിയ കാലത്തിന്റെ വിസ്മയത്തിലേക്കു വഴിതെറ്റാതെ സഞ്ചരിക്കാനുള്ള ദിശാബോധവും പ്രചോദനവും പഠനതത്പരതയും വിദ്യാർത്ഥികൾക്കു നൽകുന്ന ബോധനരീതിയാണ് 'ബ്ലൂമിങ് മൈന്റ്സ്' എന്ന

പേരിൽ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിരിക്കുന്ന ഓൺലൈൻ കോഴ്സ്. കെട്ടുറപ്പോടെ അടിസ്ഥാനമിട്ടു പണിതുയർത്തുന്ന വിദ്യാഭ്യാസ അടിത്തറയിലൂടെ പുതിയ തലമുറയെ വിജയത്തിലേക്കു കൈപിടിച്ചുയർത്താൻ ലക്ഷ്യമിടുന്നതാണ് ഈ സംരംഭം. 5 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രവ്യക്തിത്വവികാസവും പഠനമികവും ഉറപ്പുവരുത്തുന്നതോടൊപ്പം ഉപരിപഠനസാധ്യതയും തൊഴിൽമേഖലകളും പരിചയപ്പെടുത്തുന്ന സെഷനുകളും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്റ്റേറ്റ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. പാഠ്യപദ്ധതികൾ ക്രോഡീകരിച്ച് അതതു ക്ലാസിലെ സിലബസുമായി ബന്ധപ്പെട്ട 75 സെഷനുകളും ജീവിതവിജയത്തിനുതകുന്ന 30 സെഷനുകളുമാണുള്ളത്. 20 മിനിറ്റ് ദൈർഘ്യമുള്ള ക്ലാസുകൾ തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ രാത്രി 7.30 ന് ലഭ്യമാക്കും. ഒരു വർഷത്തേക്ക് 2900 രൂപമാത്രമാണ് ഫീസ്. ഈ കോഴ്സ് നമ്മുടെ കുട്ടികൾക്കു പരമാവധി പ്രയോജനപ്പെടുത്തുവാൻ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും സർവ്വസജ്ജമായ ലൈബ്രറിയും പഠന ക്യുബിക്കിളുകളും സിവിൽ സർവ്വീസ് പരീക്ഷയിൽ നിരന്തരമായി ലഭിക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. ഭരണഘടന, നിയമവ്യവസ്ഥ, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ, പ്രധാന തൊഴിൽസാധ്യതകൾ ഇവയെല്ലാം നമ്മുടെ കുട്ടികൾ മനസ്സിലാക്കി വളരണം. ഇക്കാര്യത്തിലുള്ള നിതാന്തമായ ഉണർവ്വാണ് ഇന്നിന്റെയും നാളെയുടെയും ആവശ്യം. അനേകരെ ജീവസന്ധാരണത്തിനു പ്രാപ്തരാക്കുകയും രാഷ്ട്രനിർമ്മിതിയിൽ പങ്കാളികളാക്കുകയും ചെയ്ത പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് 26 വർഷമായി നിർവ്വഹിക്കുന്ന നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം. പുതുതലമുറയെ ഔന്നത്യത്തിലേക്കു നയിക്കുകയെന്ന ഉദാത്തമായ

ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ കർമ്മ പരിപാടികളോടും നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം. മാതാപിതാക്കളുടെ ജാഗ്രതയും കുഞ്ഞുങ്ങളുടെയും യുവതീ യുവാക്കളുടെയും തത്പരതയും ഇക്കാര്യത്തിൽ ഉണ്ടാവണ മെന്ന് ആഹ്വാനം ചെയ്തുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**

കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

ബന്ധപ്പെടേണ്ട ഫോൺ നമ്പർ :

9539381100, 9539371100, 04822 215831

E-mail:civilpala@yahoo.com

Web: www.civilservicepala.com

നോമ്പുകാലം ഏഴാം തിങ്കൾ

25.03.2024

മംഗളവാർത്താത്തിരുനാൾ

---

NB : 2024 ഏപ്രിൽ 21 ഞായറാഴ്ച പരിശുദ്ധ കുർബാനമദ്ധ്യ ഈ സർക്കുലർ വായിക്കേണ്ടതാണ്.

No.: 4010/K-5/KCBC/OL/DS 22.03.2024

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

## മെയ്ദിന സന്ദേശം 2024

**"തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനെക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല"**
**(ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)**

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളിസഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളിസമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായ യേശുവും തൊഴിലാളിയായിരുന്നുവെന്ന് (മാർക്ക് 6:3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽമാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹികപ്രബോധനം - സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ

നിറഞ്ഞുനിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്ന് ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷപ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു: "പൊതുനന്മയ്ക്കുവേണ്ടിയും മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുകയെന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹികസിദ്ധാന്തങ്ങളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധസംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയമുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അല്മായർ പ്രവർത്തനസജ്ജരാകണം" (1,4,g, സിനർജി ഡോക്കുമെന്റ് 28-10-2023)

"എല്ലാവർക്കും സാമൂഹികനീതിയും അന്തസ്സുള്ള തൊഴിലും" എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ 'അന്തസ്സുള്ള തൊഴിൽ' എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്ര തൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതു തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിനു തൊഴിലും, തൊഴിൽ അവകാശങ്ങളും സാമൂഹികസുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദംകൊണ്ട് ഐ.എൽ.ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ചുകോടിയോളം തൊഴിലാളികൾ ഇന്ത്യയിലുണ്ടെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളി

കളാണ്. സംഘടനയില്ലാത്തവർമാത്രമല്ല, അസംഘടിത തൊഴിലാളികൾ. പ്രത്യുത, തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്തു നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് എറ്റവും വലിയ തൊഴിൽവിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികത്തൊഴിലാളികൾ, സ്വയംതൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽപ്പരം തൊഴിൽവിഭാഗങ്ങളെ സർക്കാർ ലിസ്റ്റു ചെയ്തിട്ടുണ്ട്. സംഘടിതമേഖലയിലെ അസംഘടിതതൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുവെന്നത് സമകാലികപ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽവിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിതമേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റത്തൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ, ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ, ഭരണാധികാരികളുടെയും, രാഷ്ട്രീയനേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തിയാകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാ

വസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദ്ദേശസംവിധാനങ്ങളുടെ അപര്യാപ്ത തയുംമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരി ച്ചിട്ടുള്ള ചുരുക്കം ചില സാമൂഹികസുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസം ഘടിതതൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസ്സും, സാമൂഹികനീതിയുമാണ്' തിരുസ്സഭ യുടെ സാമൂഹികപ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യാ, ദരിദ്രരുടെയും പീഡിത രുടെയും സന്തോഷങ്ങളും പ്രതീക്ഷകളും വ്യസനങ്ങളും ഉത്കണ്ഠകളും ക്രൈസ്തവരുടേതുകൂടിയായതു"(സഭ ആധുനികലോകത്തിൽ 1)കൊണ്ടാണ് തിരുസ്സഭ തൊഴിലാളി കളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ. 5:7) നീണ്ട മുപ്പത്തെട്ടുവർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ചു സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്കുയർ ത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തുമെന്ന പ്രതീ ക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യ മാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യകമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി

പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതരസംഘടനയായ കെ.എൽ.എംന്റെ ആഭിമുഖ്യത്തിൽ എട്ടു തൊഴിലാളിഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളിക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹികസുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയംസഹായസംഘങ്ങൾപോലെയുള്ള പ്രവർത്തനങ്ങൾവഴി തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക-അഗതിപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളുംപോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കുംവേണ്ടിയുള്ളതാണ്. അഖിലേന്ത്യാതലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം.

സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്കു വേണ്ട ഒത്താശ നൽകാനായി കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എംനെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്ന്യസ്ത സമൂഹങ്ങൾക്കും കെ.എൽ.എം. ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെന്റ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണജൂബിലിവർഷമാണ്. ലേബർ കോൺക്ലേവ്-സെമിനാറുകൾ, വിവിധയിനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ചു നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാഘടകത്തിൽനിന്നു പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ.എൽ.എംന്റെയും തൊഴിലാളിഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ

എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹികസുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ചു നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹികസുരക്ഷാ കാമ്പെയ്ൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയമാദ്ധ്യസ്ഥ്യവും എല്ലാ തൊഴിലാളിസഹോദരങ്ങളുടെയും മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽക്കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB: 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ വിവരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്

# പീഡാനുഭവവാരവും ഉയിർപ്പുതിരുനാളും

മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീസഹോദരന്മാരേ,

മാർച്ച് 23 ശനിയാഴ്ചത്തെ സായാഹ്നനമസ്കാരത്തോടെ (റംശ) പീഡാനുഭവവാരത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയോടും ആത്മീയ ഒരുക്കത്തോടുംകൂടി മിശിഹായുടെ പീഡാനുഭവമരണോത്ഥാനരഹസ്യങ്ങളെ നമുക്കു ധ്യാനിക്കാം. അതിനു സഹായകമാകുന്ന ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. ഓശാനഞായറിന്റെ പ്രാരംഭതിരുക്കർമ്മങ്ങൾ ദൈവാലയത്തിനു പുറത്ത് കുരിശുംതൊട്ടിയിലോ പാരിഷ് ഹാളിലോ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തോവച്ചാണ് നടത്തേണ്ടത്.
2. ഓശാനഞായർ തിരുകർമ്മങ്ങൾക്കുമദ്ധ്യേ ജനങ്ങൾക്കു നൽകേണ്ട ആശീർവദിച്ച കുരുത്തോലകൾ ബഹു. വൈദികരോ ബഹു. സിസ്റ്റേഴ്സോ ആണ് വിതരണം ചെയ്യേണ്ടത്. തുടർന്നുള്ള വി. കുർബാനകൾക്കുശേഷവും ബഹു. വൈദികരോ ബഹു. സിസ്റ്റേഴ്സോതന്നെ കുരുത്തോലകൾ വിതരണം ചെയ്യാൻ ശ്രമിക്കുമല്ലോ.
3. പെസഹാവ്യാഴാഴ്ച ഇടവകദൈവാലയങ്ങളിൽ ഒരു കുർബാനമാത്രമേ അർപ്പിക്കാവൂ. മഠങ്ങളോട് അനുബന്ധിച്ചുള്ള ചാപ്പലുകളിൽ അന്നേദിവസം വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.
4. പെസഹാവ്യാഴാഴ്ച മൂന്നാമത്തെ കൂദാശക്രമം – മാർ നെസ്തോറിയസിന്റെ കൂദാശക്രമമാണ് വി. കുർബാനയിൽ ഉപയോഗിക്കേണ്ടത്.
5. അപ്പംമുറിക്കൽശുശ്രൂഷ ഭവനത്തിൽ കുടുംബനാഥന്റെ നേതൃത്വത്തിൽ ഭവനാംഗങ്ങൾ എല്ലാവരും ഒരുമിച്ചുചേർന്നു

നടത്തേണ്ട കർമ്മമാണ്. പള്ളികളിൽ അപ്പംമുറിക്കൽ ശുശ്രൂഷ നടത്തേണ്ടതില്ല.

6. അപ്പംമുറിക്കൽശുശ്രൂഷയ്ക്കായി തയ്യാറാക്കുന്ന കുരിശപ്പവും പാലും മിച്ചം വരാത്തവിധം ആവശ്യത്തിനുമാത്രം തയ്യാറാക്കാൻ ശ്രദ്ധിക്കണം.
7. പീഡാനുഭവവെള്ളിയാഴ്ച ദിവ്യകാരുണ്യസ്വീകരണ ശുശ്രൂഷ നടത്തേണ്ടതില്ല.
8. ആണ്ടുവട്ടത്തിലെ ഏറ്റവും ദൈർഘ്യമേറിയ സുവിശേഷ വായനയാണല്ലോ പീഡാനുഭവവെള്ളിയിലേത്. അതിനു പകരമായി ശുശ്രൂഷകരും കാർമികനും മാറിമാറി ചൊല്ലുന്ന പീഡാനുഭവചരിത്രം വായിക്കേണ്ടതില്ല.
9. ഉയിർപ്പുതിരുനാളിന്റെ തിരുക്കർമ്മങ്ങൾ പുലർച്ചെ 3 മണിക്കാണ് ആരംഭിക്കേണ്ടത്.
10. പീഡാനുഭവവെള്ളിയാഴ്ചയും ഉയർപ്പുതിരുനാളിലും തിരുകർമ്മങ്ങളോടനുബന്ധിച്ച് നാടകീയരംഗങ്ങൾ അവതരിപ്പിക്കരുത്.

അനുഗ്രഹദായകമായ പ്രാർത്ഥനാദിനങ്ങൾ ഏവർക്കും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 19.03.2024

## ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

### കത്തോലിക്കാ കോൺഗ്രസിനുള്ള സംഭാവന

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി 2024 ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച പിരിവു നടത്തി ലഭിക്കുന്ന തുക 2024 മേയ് 15 നുമുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

# ദൈവവിളിക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ, സന്ന്യാസിനീസന്ന്യാസിമാരേ, വിശ്വാസപരിശീലകരേ,

S.S.L.C. ,+2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ, ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്കായി ഒരു ദൈവവിളി ക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ നടത്തുന്ന വിവരം സ്നേഹപൂർവ്വം അറിയിക്കട്ടെ. 2024 ഏപ്രിൽ മാസം 7-ാം തീയതി ഞായറാഴ്ച രാവിലെ 09.30 മണിക്ക് ആരംഭി ക്കുന്ന ക്യാമ്പ് 8-ാം തീയതി തിങ്കളാഴ്ച ഉച്ചഭക്ഷണത്തോടു കൂടി അവസാനിക്കുന്നതാണ്. ക്യാമ്പ് ആരംഭിക്കുന്നത് ഞായ റാഴ്ചയായതിനാൽ വിശുദ്ധ കുർബാനയ്ക്കുള്ള സൗകര്യ മുണ്ടായിരിക്കും.

പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികരാകുവാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.

പൗരോഹിത്യജീവിതത്തിലേക്കു വിളിയുണ്ടെന്നു കരുതുന്നവരെയെല്ലാം ഈ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരി അച്ചന്മാരും അസ്തേന്തിയച്ചന്മാരും മാതാപിതാക്കളും വിശ്വാസപരിശീലകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ**

(റെക്ടർ)

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി

കരൂർ, 31-03-2024

---

NB: ബഹു. വികാരിയച്ചന്മാർ ദയവായി ഇക്കാര്യങ്ങൾ വി.കുർബാന മദ്ധ്യേ പള്ളിയിൽ അറിയിക്കണമേ.

## മൈനർ സെമിനാരിപ്രവേശനം

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്നവർ 2024 ഏപ്രിൽ മാസം 11-ാം തീയതിക്കുമുമ്പ് **വെരി റവ. ഫാ. റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ പി.ഒ., 686 574, പാലാ** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ S.S.LC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരി പരീക്ഷായോഗ്യതയുള്ളവരോ ആയിരിക്കണം.

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കളുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, പരീക്ഷായോഗ്യത, S.S.L.C., Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ യുവാക്കന്മാരെ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപതാ മൈനർ സെമിനാരിയിൽ ചേരാൻ ബഹു. അച്ചന്മാർ പ്രോത്സാഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

ബിഷപ്സ് ഹൗസ് പാലാ,

31-03-2024

NB: ബഹു. വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ വി. കുർബാനമദ്ധ്യേ പള്ളിയിൽ അറിയിക്കേണ്ടതാണ്.

# അൾത്താരബാലന്മാരുടെ ക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാരുടെ ക്യാമ്പ് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽവച്ച് നടത്തുന്നു. സൗകര്യാർത്ഥം രണ്ടു ബാച്ചുകളായിട്ടാണു ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഇടവകയിൽനിന്നും 7,8,9 ക്ലാസുകളിൽ പഠിക്കുന്ന സൽസ്വഭാവികളും പൗരോഹിത്യത്തിലേക്കു ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ.

**ഒന്നാം ബാച്ച്**

2024 ഏപ്രിൽ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

**ഫൊറോനാകൾ**

അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, മൂലമറ്റം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, കൂട്ടിക്കൽ

**രണ്ടാം ബാച്ച്**

2024 ഏപ്രിൽ മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

**ഫൊറോനാകൾ**

പാലാ കത്തീഡ്രൽ, രാമപുരം, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി, പ്രവിത്താനം, കടനാട്.

സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ** (റെക്ടർ)

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി

കരൂർ, 31-03-2024

NB: ഒരു ഇടവകയിൽനിന്നു പരമാവധി അഞ്ചു കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. ക്രമീകരണം സുഗമമാക്കുവാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസംമുമ്പെങ്കിലും അറിയിക്കുമല്ലോ. ക്യാമ്പ് ഫീ ഒരു കുട്ടിക്ക് 100 രൂപ കൊടുത്തയയ്ക്കുമല്ലോ.

Mob: 9847775738 (Fr. Joseph Arimattath)
9447661326 (Fr. Vincent Moongamakal)


Be
Smart
IN FAITH & LIFE
A Call to Holiness
SESSION 2
2024
APRIL- MAY
Classes on Faith
Personality Development
Action Songs
Multy media Presentations
Prayer Sessions
General Coordinator:
Very.Rev. Fr. Sebastian Vethanath
For Contacts
Rev. Fr. George Vargheese Njarakunnel 9447395942
Fr. Vincent Moongamackal 94476 61326
Fr. Joseph Arimattath 9847775738
Bro. Joseph Vettukallumpurath 9446873353
വിശ്വാസോത്സവദിവസ
ങ്ങളിൽ സെമിനാർ
നടത്താൻ സാധിക്കാത്ത
ഇടവകകൾക്ക്
തുടർന്നുള്ള
ദിവസങ്ങളിൽ
അവസരം
ഉണ്ടായിരിക്കുന്നതാണ്.

# അറിയിപ്പ്

ബഹുമാനപ്പെട്ട അച്ചാ/സിസ്റ്റർ/പ്രിയസുഹൃത്തേ,

ദളിത് കത്തോലിക്ക മഹാജനസഭ (DCMS) പാലാ രൂപതാ സമിതിയുടെ സ്നേഹാന്വേഷണങ്ങൾ. നാളിതുവരെ DCMS സംഘടനാപ്രവർത്തനങ്ങൾക്കു നല്കിയിട്ടുള്ള എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദിപറയുന്നു. താഴെപ്പറയുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിജയകരമായിട്ടുള്ള നടത്തിപ്പിന് ആത്മാർത്ഥമായി സഹായസഹകണങ്ങൾ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ മുഴുവൻ ദളിത് കത്തോലിക്കാ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ക്യാമ്പുകളിലേക്കു പറഞ്ഞുവിടണമേ.

**മധ്യവേനലവധി ക്യാമ്പുകൾ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച്**

1. **ജീവിതദർശന ക്യാമ്പ് (Juniors 1st Batch):** 2024 ഏപ്രിൽ 15-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണി മുതൽ 17-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണി വരെ.

5,6,7 ക്ലാസുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി ജീവിതദർശനക്യാമ്പ് മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ 2024 ഏപ്രിൽ 15 തിങ്കളാഴ്ച വൈകുന്നേരം 4 മണി മുതൽ 17-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണി വരെ. രജിസ്ട്രേഷൻ ഫീസ് 200 രൂപ.

2. **ജീവിത ദർശനക്യാമ്പ് (Seniors 1st Batch):** 2024 ഏപ്രിൽ 17-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിമുതൽ 19-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ.

8,9 ക്ലാസുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാവിദ്യാർഥികൾക്കായി ജീവിതദർശനക്യാമ്പ് മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപ (ഒരാൾക്ക്).

തീയതി, സമയം: 2024 ഏപ്രിൽ 17-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിമുതൽ 19-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണിവരെ.

**3. കരിയർ ഗൈഡൻസ് ക്യാമ്പ്:** 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്കായി 2024 ഏപ്രിൽ 22-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിമുതൽ 24-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിവരെ കരിയർ ഗൈഡൻസ് ക്യാമ്പ് മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് : 200 രൂപ (ഒരാൾക്ക്).

തീയതി, സമയം: 2024 ഏപ്രിൽ 22-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിമുതൽ 24-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിവരെ.

**4. ഉദ്യോഗസ്ഥരുടെ ട്രെയിനിങ് ക്യാമ്പ് :** 2024 ഏപ്രിൽ 25-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ 26-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി വരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ. രജിസ്ട്രേഷൻ ഫീസ് : 300 രൂപ (ഒരാൾക്ക്).

**5. ഉദ്യോഗാർത്ഥികളുടെ ക്യാമ്പ്**

പാലാ രൂപതയിലെ DCMS അംഗങ്ങളായുള്ള ഉദ്യോഗാർത്ഥികൾക്കുവേണ്ടി ട്രെയിനിംഗ് ക്യാമ്പ് മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നു. ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും രജിസ്റ്റർ ചെയ്യാത്തവരും ഡിഗ്രി, T.T.C. ബി.എഡ്, പി.ജി, ഇതര കോഴ്സ്സുകൾ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾ പ്രസ്തുത ക്യാമ്പിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് : 250 (ഒരാൾക്ക്)

തീയതി, സമയം : 2024 മെയ് 2-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ മെയ് 3-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ.

**6. യുവജനക്യാമ്പ് :** 2024 മെയ് 5-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മെയ് 7-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണിവരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ. രജിസ്ട്രേഷൻ ഫീസ് : 250 (ഒരാൾക്ക്)

**7. റിസോഴ്സ് ടീം ട്രെയിനിങ് ക്യാമ്പ് :** 2024 മെയ് 7-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മെയ് 9-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ. രജിസ്ട്രേഷൻ ഫീസ് : 250 (ഒരാൾക്ക്)

**8. വനിതകളുടെ ക്യാമ്പ്**

2024 മെയ് 13-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മണിക്ക് ആരംഭിച്ച് മെയ് 14-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണി വരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ. രജിസ്ട്രേഷൻ ഫീസ് : 250 (ഒരാൾക്ക്)

**9. ലീഡേഴ്സ് ക്യാമ്പ്**

2024 മെയ് 18-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മണിക്ക് ആരംഭിച്ച് മെയ് 19-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണി വരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ. രജിസ്ട്രേഷൻ ഫീസ് : 250 (ഒരാൾക്ക്).

**ഫാ. ജോസ് വടക്കേക്കുറ്റ്**

രൂപത ഡയറക്ടർ, ഡി.സി.എം.എസ്.

---

NB: ക്യാമ്പുകളിൽ പങ്കെടുക്കാനുള്ളവരുടെ പേരും അഡ്രസ്സും സഹിതം ലിസ്റ്റ് ഇടവകവികാരിയച്ചന്റെ സാക്ഷിപ്പോടുകൂടി ഏപ്രിൽ 10 നുമുമ്പ് ഡി.സി.എം.എസ്. രൂപത ഓഫീസിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | എബി തോമസ് പുരിയിടത്തിൽ<br>കുന്നേൽ, കത്തീഡ്രൽ | 25,000.00 | |
| 2 | തോമസ് മത്തായി ഇച്ചിപുഴയിൽ, മരങ്ങാട്ടുപള്ളി | 25,000.00 | |
| 3 | വിജി ജോസഫ് വടക്കേകുന്നേപറമ്പിൽ, കത്തീഡ്രൽ | 25,000.00 | |
| 4 | ഏലിക്കുട്ടി കൊല്ലിപ്പറമ്പിൽ, കുറിഞ്ഞി | 10,000.00 | |
| 5 | എം.ജെ. ദേവസ്യ മുളങ്ങാശ്ശേരിൽ, പൂവരണി | 5,000.00 | |
| 6 | സജി നരിക്കുഴയിൽ, കയ്യൂർ | 30,000.00 | |
| 7 | സിന്ധു ബിജു മഠത്തിച്ചേരിൽ, നരിയങ്ങാനം | 40,000.00 | |
| 8 | ജിബിൻ ജെയിംസ് കുന്നേൽ, മല്ലികശ്ശേരി | 400,000.00 | |
| 9 | മിജോ ജോൺ പ്ലാക്കൽ, കടപ്ലാമറ്റം | 400,000.00 | |
| 10 | ഷിജി വിജയൻ കൊടുകച്ചാലിൽ, തിടനാട് | 400,000.00 | |
| 11 | മോളി മത്തായി കിഴക്കേകുന്നേൽ, മുത്തോലി | 400,000.00 | |
| 12 | ബിൻസി ബെന്നി മുകളേൽ, മുട്ടുചിറ | 50,000.00 | |
| 13 | ജോസ് തെക്കേ മാളിയേക്കൽ, മുട്ടുചിറ | 50,000.00 | |
| 14 | റോയി ജോസഫ് ഇരുവേലിൽ, മുട്ടുചിറ | 50,000.00 | |
| 15 | പ്രീത N R നടുപറമ്പിൽ, പൂഞ്ഞാർ | 400,000.00 | |
| 16 | സുനി സാബു തുരുത്തേൽ, പിഴക് | 9,000.00 | |
| 17 | അലൻ സിബി പുളിമൂട്ടിൽ, ഇലഞ്ഞി | 20,000.00 | |
| 18 | ലളിത ചെങ്ങന്താനത്ത്, മരങ്ങോലി | 5,000.00 | |
| 19 | മോളി പോൾ എലുവാലുങ്കൽ, നീറന്താനം | 30,000.00 | |
| 20 | മറിയം വാരച്ചേരിൽ, പ്രവിത്താനം | 17,510.00 | |
| 21 | ബോബൻ പൊറ്റേടത്തിൽ, പെരിങ്ങുളം | | 527,370.00 |
| 22 | ജോമോൻ കുപ്പക്കര, കാളികാവ് | | 695,098.00 |
| 23 | സണ്ണി കള്ളിക്കൽ, കാളികാവ് | | 795,406.00 |
| 24 | മാനുവൽ തോമസ് നെടുപുറത്ത്, കാളികാവ് | | 8,000,000.00 |
| 25 | ജോസഫ് ആന്റണി പാറയിൽ, കാളികാവ് | | 850,000.00 |
| 26 | മാനുവൽ നിരപ്പുവിള, കാളികാവ് | | 200,000.00 |
| 27 | മാത്യു ജോസഫ് മുണ്ടനാനിയിൽ, കുറിച്ചിത്താനം | | 160,000.00 |
| 28 | ശശി ഉതിലം മാക്കിൽ, കുറിച്ചിത്താനം | | 50,000.00 |
| 29 | ആലീസ് മൂലയിൽ, കുറിച്ചിത്താനം | | 50,000.00 |
| 30 | സരസ്വതി (അൽഫോൻസാ)<br>ഇരുമ്പ് കുത്തിക്കൽ, കുറിച്ചിത്താനം | | 110,000.00 |
| 31 | സാബു കല്ലുപാറയിൽ, കുറിച്ചിത്താനം | | 10,00,000.00<br>(4 Cent) |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ.എം.നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ റജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിൽ കിസാൻ സർവീസ് സൊസൈറ്റിയിലെ അംഗങ്ങൾക്കായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. റിട്ട.സി.ആർ.പി.എഫ്. ഡിഐജി ടി. ജെ. ജേക്കബ് ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്. സംസ്ഥാന പ്രസിഡന്റ് ജോയി ജോസഫ് മൂക്കൻതോട്ടം, ദേശീയ പ്രസിഡന്റ് ജോസ് തയ്യിൽ, എമർജൻസി വിഭാഗം കൺസൾട്ടന്റ് ഡോ. ശ്രീജിത്ത് ആർ. നായർ എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതാദിനാഘോഷം നടത്തി.**

ലോകവനിതാദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതാദിനാഘോഷം നടത്തി. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ സന്ദേശം നൽകി. ചീഫ്

ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, പൾമണറി മെഡിസിൻ സീനിയർ കൺസൾട്ടന്റ് ഡോ. ജെയ്സി തോമസ്, റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിംഗ് സീനിയർ കൺസൾട്ടന്റ് ഡോ. രചന ജോർജ്, സീനിയർ മെഡിക്കൽ ഓഫിസർ ഡോ. ലക്ഷ്മി ആർ. പണിക്കർ എന്നിവർ പ്രസംഗിച്ചു. ഫാമിലി മെഡിസിൻ ആൻഡ് ഹോം കെയർ ഫിസിഷ്യൻ ഡോ. ആൻ ടോമിന തോമസ് ക്വിസ് പരിപാടി നയിച്ചു.

**വീണ് കഴുത്തൊടിഞ്ഞ വയോധികയ്ക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ അപൂർവ്വശസ്ത്രക്രിയ**

വീണ് കഴുത്തിൽ ഒടിവു സംഭവിച്ച 70 വയസുള്ള വയോധികയായ കന്യാസ്ത്രീയെ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ അപൂർവ്വശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്കു തിരിച്ച് എത്തിച്ചു. നേര്യമംഗലം സ്വദേശിയായ കന്യാസ്ത്രീക്കാണ് കുളിമുറിയിൽ തെന്നിവീണു കഴുത്തിനും തലയിലും ഗുരുതര പരുക്കേറ്റിരുന്നത്. വീഴ്ചയിൽ കഴുത്തിലെ രണ്ടാമത്തെ കശേരുവിന്റെ ഭാഗമായ ഓഡണ്ടോയ്ഡിനു ഒടിവു സംഭവിച്ച് ഗുരുതരനിലയിലായിരുന്നു. കഴുത്തുനേരേ നിൽക്കാത്ത വിധത്തിലായിരുന്നു പരുക്ക്. ഓഡണ്ടോയ്ഡിനു ഒടിവ് സംഭവിച്ചാൽ തൊട്ടുപുറകിലുള്ള സുഷുമ്നനാഡിക്കും തലച്ചോറിന്റെ താഴത്തെ ഭാഗമായ മെഡുല്ല ഒബ്ലാംഗേറ്റയ്ക്കും ഗുരുതരക്ഷതം സംഭവിക്കാൻ സാധ്യതയുണ്ടായിരുന്നു. മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചശേഷം കന്യാസ്ത്രീയെ ആന്റീരിയർ ട്രാൻസ്ഓഡണ്ടോയ്ഡ് സ്ക്രൂ ഘടിപ്പിച്ച് കഴുത്ത് നേരേയാക്കുന്ന അപൂർവ്വ ശസ്ത്രക്രിയയ്ക്കു വിധേയയാക്കി. കഴുത്തിനുമുന്നിലൂടെ ചെയ്യുന്ന ഈ താക്കോൽദ്വാരശസ്ത്രക്രിയയിലൂടെ ഒടിഞ്ഞിരുന്ന ഓഡണ്ടോയ്ഡിനെ കൂട്ടിയോജിപ്പിക്കാൻ സാധിച്ചു. ഈ ആധുനിക ശസ്ത്രക്രിയരീതിയിലൂടെ കുറഞ്ഞ സമയത്തിനുള്ളിൽ ഗ്രാഫ്റ്റ് ആവശ്യമില്ലാതെ തന്നെ ശസ്ത്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നതും പ്രത്യേകതയാണ്. മാർ സ്ലീവാ മെഡിസിറ്റി ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സരീഷ് കുമാർ എം.കെ.യുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റ് ഡോ. അഭിജിത്ത് കുമാറും ശസ്ത്രക്രിയയിൽ പങ്കെടുത്തു.

**പീഡിയാട്രിക്സ് കോൺഫറൻസ് നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ്, നാഷണൽ നിയനറ്റോളജി ഫോറം കോട്ടയം യൂണിറ്റ് എന്നിവയുമായി സഹകരിച്ച് കോട്ടയം ഐ.എ.പി. ഹാളിൽ പീഡിയാട്രിക്സ് കോൺഫറൻസ് നടത്തി. കോട്ടയം ജില്ലയിലെ വിവിധ ആശുപത്രികളിലെ പീഡിയാട്രീഷന്മാർ പങ്കെടുത്തു. വിവിധ വിഷയങ്ങളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ പീഡിയാട്രിക്സ് വിഭാഗത്തിലെ ഡോക്ടർമാർ പ്രബന്ധാവതരണം നടത്തി.

**സൗജന്യ ഗ്ലോക്കോമ പരിശോധന ക്യാമ്പ് നടത്തി**

ലോക ഗ്ലോക്കോമദിനാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ പൊതുജനങ്ങൾക്കായി സൗജന്യ ഗ്ലോക്കോമ പരിശോധന ക്യാമ്പ് നടത്തി. ഒഫ്താൽമോളജിസ്റ്റ് ഡോ. ജ്യോതി വി.എസ്. പരിശോധനയ്ക്കു നേതൃത്വം നൽകി.

**മാനേജ്മെന്റ് ഡെവലപ്മെന്റ് പരിശീലനപരിപാടി നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിലെ ഉദ്യോഗസ്ഥർക്കായി മാനേജ്മെന്റ് ഡെവലപ്മെന്റ് പരിശീലനപരിപാടി കുമരകം ബാക്ക് വാട്ടർ റിപ്പിൾസിൽ നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. നഴ്സിംഗ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, സി.ഇ.ഒ. ജസ്റ്റിൻ തോമസ് എന്നിവർ പ്രസംഗിച്ചു. രണ്ട് ദിവസമായി നടന്ന പരിശീലന പരിപാടിക്ക് അന്തർദേശീയ ട്രെയിനറും എച്ച്ആർഡി കൺസൾട്ടന്റുമായ ജി. ബാലചന്ദ്രൻ നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – ഭരണങ്ങാനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം മാതൃവേദി മേഖലയും യൂണിറ്റും ചേർന്ന് ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. അസി. വികാരി റവ.ഫാ. തോമസ് വാഴയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – കവീക്കുന്ന്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കവീക്കുന്ന് സെന്റ് എംഫ്രേംസ് യു.പി സ്കൂളിന്റെ ശതാബ്ദിയോട് അനുബന്ധിച്ച് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. നഗരസഭ ചെയർമാൻ ഷാജു വി. തുരുത്തൻ ഉദ്ഘാടനം ചെയ്തു. സെന്റ് എംഫ്രേംസ് പള്ളി വികാരി റവ. ഫാ. ജോസഫ് വടകര അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – മൂലമറ്റം**

മൂലമറ്റം സെന്റ് ജോർജ് ഫൊറോനാ ചർച്ചിന്റെ ആഭിമുഖ്യത്തിൽ മൂലമറ്റം ബിഷപ് വയലിൽ മെമ്മോറിയൽ ആശുപത്രി, മാർ സ്ലീവാ മെഡിസിറ്റി എന്നിവയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. രവിശങ്കർ ടി.ആർ. പങ്കെടുത്തു.

**കാൻസർ ബോധവൽക്കരണ ക്ലാസ്സ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ വനിത സെല്ലുമായി സഹകരിച്ച് കാൻസർ ബോധവൽക്കരണ ക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു.

**സൗജന്യ കാൻസർ പരിശോധനക്യാമ്പും ബോധവൽക്കരണ ക്ലാസ്സും നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ കാർഷികോത്സവം, വനിതാദിനാചരണം എന്നിവയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാൻസർ പരിശോധനക്യാമ്പും ബോധവത്കരണ ക്ലാസ്സും നടത്തി. മോൻസ് ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഓങ്കോളജി വിഭാഗം അസോസിയേറ്റ്

കൺസൾട്ടന്റ് ഡോ. സോൻസ് പോൾ പരിശോധനയ്ക്കും ക്ലാസ്സിനും നേതൃത്വം നൽകി.

**ഡോ. തോമസ് എബ്രഹാം ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. തോമസ് എബ്രഹാം ചുമതലയേറ്റു.

**ഡോ. രോഹിത് രാജ് ജി.ആർ. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ പീഡിയാട്രിക് കാർഡിയോളജി ആൻഡ് അഡൽറ്റ് കൺജനൈറ്റൽ ഹാർട്ട് ഡിസീസസ് വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. രോഹിത് രാജ് ജി. ആർ. ചുമതലയേറ്റു.

**ഡോ. അനന്തകൃഷ്ണൻ ജെ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയോളജിസ്റ്റായി ഡോ. അനന്ത കൃഷ്ണൻ. ജെ ചുമതലയേറ്റു.

**ഡോ. ജാസൺ സഖറിയ ചുമതലയേറ്റു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ അസോസിയേറ്റ് കൺസൾട്ടന്റായി ഡോ. ജാസൺ സഖറിയ ചുമതലയേറ്റു.

**സിസ്റ്റർ ഡോ. ബെറ്റി വർഗീസ് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിൽ കൺസൾട്ടന്റായി സിസ്റ്റർ ഡോ. ബെറ്റി വർഗീസ് ചുമതലയേറ്റു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ പൊതുജനങ്ങൾക്കായി സൗജന്യ ന്യൂറോളജി മെഡിക്കൽ ക്യാമ്പ് നടത്തി. ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് കുന്നേൽ പോൾ പരിശോധനയ്ക്ക് നേതൃത്വം നൽകി.

**മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ആരംഭശിലയുടെ ആശീർവാദകർമ്മം നടത്തി**

കാൻസർ ചികിത്സാരംഗത്ത് സുപ്രധാന കേന്ദ്രമായി മാറാൻ ലക്ഷ്യമിടുന്ന മാർ സ്ലീവാ മെഡിസിറ്റിയിലെ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ആരംഭശിലയുടെ ആശീർവാദ കർമ്മം സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി സ്ഥാപകനും പാലാ രൂപത ബിഷപ്പുമായ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. അത്യാധുനിക സാങ്കേതികവിദ്യകൾ കോർത്തിണക്കിയാണ് രാജ്യാന്തരനിലവാരത്തിലുള്ള കാൻസർ റിസർച്ച് സെന്റർ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിക്കുന്നത്. വിവിധ നിലകളിലായി നിർമ്മിക്കുന്ന സെന്ററിൽ ഏറ്റവും എല്ലാ പുതിയ ചികിത്സാസംവിധാനങ്ങളാണ് ഒരുക്കുക. കാൻസർ ചികിത്സയിൽ വിദേശത്ത് ലഭ്യമാകുന്ന നൂതന ചികിത്സാരീതികളും സെന്ററിന്റെ പ്രത്യേകതയായി മാറും. ഒരു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കി സമ്പൂർണ കാൻസർ ചികിത്സ സെന്ററായി മാറാനാണ് ലക്ഷ്യമിടുന്നത്. കാൻസർ ആദ്യഘട്ടത്തിൽത്തന്നെ കണ്ടെത്താനുള്ള ആധുനികയന്ത്രസംവിധാനങ്ങളും

ചികിത്സിച്ചു പൂർണമായി മാറ്റാനുള്ള സംവിധാനങ്ങളും സെന്ററിൽ ഉണ്ടാകും. നിലവിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വിഭാഗങ്ങളുള്ള ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെ ചികിത്സകളും വിവിധ കാൻസർ ശസ്ത്രക്രിയകളും നടന്നുവരുന്നുണ്ട്. പുതിയ സെന്ററിൽ ആർട്ടിഫിഷ്യൽ ഇന്റിലജിൻസ് സംവിധാനത്തോടെയുള്ള സംവിധാനങ്ങൾ കാൻസർ ചികിത്സയ്ക്കായി ഒരുക്കുന്നത് പ്രത്യേകതയായി മാറും. കൂടാതെ, ന്യൂക്ലിയർ മെഡിസിനായി പ്രത്യേകസംവിധാനങ്ങൾ, പ്രത്യേക റേഡിയേഷൻ കേന്ദ്രങ്ങൾ, പീഡിയാട്രിക് കാൻസർ ചികിത്സാവിഭാഗം, ഗവേഷണസൗകര്യങ്ങൾ, ശസ്ത്രക്രിയ കഴിയുന്നവർക്കുള്ള പ്രത്യേക വാർഡുകൾ, പ്രത്യേക കീമോ വാർഡുകൾ, രോഗിയുടെ കൂട്ടിരിപ്പുക്കാർക്കുള്ള പ്രത്യേക വിശ്രമകേന്ദ്രങ്ങൾ, കൗൺസലിംഗ് മുറികൾ എന്നിവ ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളും ഉണ്ടാകും. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. പാലാ രൂപത ബിഷപ് എമിററ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ജോസ് കെ. മാണി എം.പി, മാണി. സി. കാപ്പൻ എം.എൽ.എ. എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ നഴ്സിംഗ് ഓഫീസിന്റെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ നഴ്സിംഗ് ഓഫീസിന്റെ ആശീർവാദം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, നഴ്സിംഗ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ഫിനാൻസ് ഡയറക്ടർ റവ. ഡോ. ഇമ്മാനുവൽ പാറേക്കാട്ട്, ആയുഷ് വിഭാഗം ഡയറക്ടർ റവ. ഫാ. മാത്യു ചേന്നാട്ട് എന്നിവർ പങ്കെടുത്തു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**മാർച്ചുമാസത്തിൽ ആയിരക്കണക്കിന് അൽഫോൻസാഭക്തർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.**

തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ വിശ്വാസിസമൂഹം പ്രാർത്ഥനാപൂർവം വിശുദ്ധയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ഹൊസൂർ ബിഷപ്പിന്റെ സന്ദർശനം**

മാർച്ചുമാസം മൂന്നാംതീയതി ഞായറാഴ്ച ഹൊസൂർ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവ് തീർത്ഥാടനകേന്ദ്രം സന്ദർശിക്കുകയും 11:30 ന്റെ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അന്നേദിവസം തീർത്ഥാടനകേന്ദ്ര

ത്തിലെ എല്ലാ ദിവ്യബലികൾക്കും മദ്ധ്യേ അദ്ദേഹം സന്ദേശം നൽകുകയും ചെയ്തു.

**ഹൃദ്യമായ സ്വാഗതം**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്ററായി 2024 മാർച്ച് ഇരുപത്തിമൂന്നാം തീയതി ബഹു. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ ഉത്തരവാദിത്വം ഏറ്റെടുത്തു. ബഹുമാനപ്പെട്ട അച്ചന് ഹൃദ്യമായ സ്വാഗതം.

**ഡീക്കൻ മിനിസ്ട്രി**

നാലുമാസക്കാലമായി വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന അഡോർണോ സഭാംഗമായ ഡീ. എബി അമ്പലത്തുങ്കൽ തീർത്ഥാടനകേന്ദ്രത്തിലെ തന്റെ ശുശ്രൂഷ പൂർത്തീകരിച്ചശേഷം പൗരോഹിത്യസ്വീകരണത്തിനുള്ള ഒരുക്കങ്ങൾക്കായി മല്ലികശ്ശേരി അഡോർണോ ആശ്രമത്തിലേക്കു തിരികെപ്പോയി. നാളിതുവരെ ഡീക്കൻ തീർത്ഥാടനകേന്ദ്രത്തിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ ഓർക്കുന്നു. ബഹു. ഡീക്കന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന, ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2024 മാർച്ച് മൂന്നാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരി. കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD നേതൃത്വം വഹിച്ചു. മൂന്നൂറോളം സഹോദരങ്ങൾ പങ്കെടുത്തു.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു മാർച്ച് മാസം പതിനാറാം തീയതി നെല്ലിയാനി ഇടവക നേതൃത്വം നൽകി. നെല്ലിയാനി ഇടവകവികാരി ബഹു. ഫാ. ജോസഫ് ഇല്ലിമൂട്ടിലിന്റെ നേതൃത്വത്തിൽ നൂറ്റിയെൺപതോളം വിശ്വാസികൾ ഭക്തിപൂർവം പങ്കെടുത്തു.

ഏപ്രിൽ മാസത്തെ ജപമാലപ്രദിക്ഷണത്തിന് വള്ളിച്ചിറ (13/04/2024), മണ്ണയ്ക്കനാട് (20/04/2024), കടപ്ലാമറ്റം (27/04/2024) എന്നീ ഇടവകകൾ നേതൃത്വം നൽകും.

**അയൽസംസ്ഥാനങ്ങളിൽനിന്നു വിശ്വാസികളുടെ പ്രവാഹം**

തമിഴ്നാട്, കർണാടക തുടങ്ങിയ അയൽസംസ്ഥാനങ്ങളിൽനിന്ന് നൂറുകണക്കിന് അൽഫോൻസാഭക്തർ പ്രാർത്ഥനാപൂർവം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

ഔവർ ലേഡി ഓഫ് റോസറി ഷ്റൈൻ - നോർത്ത് ഗംഗൽപട്ട്, സെന്റ് വിന്നാരസി (ഔവർലേഡി ഓഫ് ക്വീൻ ഓഫ് ഹെവൻ) ചർച്ച് - ഉത്തമപാളയം, മേരി ഹെല്പ് ഓഫ് ക്രിസ്ത്യൻസ് ചർച്ച് - മദ്‌ലകോട്ട, സെന്റ് ആന്റണീസ് ചർച്ച്

– പുലിയംകുളം, സെന്റ് സേവിയേഴ്സ് ചർച്ച് – കൊടൈക്കനാൽ, ഔവർ ലേഡി ഓഫ് ഗുഡ് ഹെൽത്ത് ചർച്ച് – പക്കിയപുരം, സെന്റ് ലൂർദ് ചർച്ച് – ആട്ടംപെട്ടി, ഔവർ ലേഡി ഓഫ് ഗുഡ് ഹെൽത്ത് ചർച്ച് – വേളാങ്കണ്ണി തുടങ്ങിയ നിരവധി ഇടവകകളിൽനിന്ന് ബഹു. വൈദികരുടെ നേതൃത്വത്തിൽ വിശ്വാസികൾ വി. അൽഫോൻസാമ്മയുടെ കബറിടദൈവാലയത്തിൽ പ്രാർത്ഥനാപൂർവ്വം എത്തുകയും വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

**വി. കുമ്പസാരം**

വി. അൽഫോൻസാമ്മയുടെ തീർത്ഥാടനദൈവാലയത്തിൽ എല്ലാ ദിവസവും അനുരഞ്ജനകൂദാശ സ്വീകരിക്കുന്നതിനു പ്രത്യേക ക്രമീകരണം ഉണ്ട്. രാവിലെ 8:30 മുതൽ 1.00 മണിവരെയും ഉച്ചകഴിഞ്ഞ് 2:30 മുതൽ 4.00 മണിവരെയും, 4:30 മുതൽ 6:00 മണിവരെയും സൗകര്യം ഉണ്ടായിരിക്കും.

**റിലീജിയസ് ആർട്ടിക്കിൾ സെന്റർ**

തീർത്ഥാടനകേന്ദ്രത്തോടനുബന്ധിച്ച് ഭക്തസാധനങ്ങളുടെ വിപുലമായ ശേഖരങ്ങളടങ്ങിയ സ്റ്റാളുകൾ പ്രവർത്തിച്ചുവരുന്നു. ദൈവാലയത്തിലേക്ക് ആവശ്യമായ ഓസ്തി, തിരുവസ്ത്രങ്ങൾ, തിരുവസ്തുക്കൾ തുടങ്ങിയവ മിതമായനിരക്കിൽ ഇവിടെ ലഭിക്കും. ഗിഫ്റ്റ് ഐറ്റംസ്, രൂപങ്ങൾ, പ്രാർത്ഥനപ്പുസ്തകങ്ങൾ തുടങ്ങിയവ മിതമായ നിരക്കിൽ ഇവിടെ ലഭ്യമാണ്.

**റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസോത്സവം**

ഈ വർഷത്തെ വിശ്വാസോത്സവം 2024 ഏപ്രിൽ 1 മുതൽ 6 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. ഈ ദിവസങ്ങളിൽ വിശ്വാസോത്സവപരിപാടികൾ ആഘോഷമായും ഫലപ്രദമായും നടത്താൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**2. പ്രതിഭാസംഗമം (VII-ാം ക്ലാസ്സ്)**

ഈ വർഷം (2023-2024) VII-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി 2024 മെയ് മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കുന്നതിനായി രൂപതതലത്തിലുള്ള പ്രതിഭാസംഗമം നടത്തുന്നു.

തീയതി: 2024 ഏപ്രിൽ 13 ശനിയാഴ്ച
സ്ഥലം: മാതൃഭവൻ, ഭരണങ്ങാനം
സമയം: 9.30 am - 4.00 pm

**3. വിചിന്തനം സെമിനാർ**

ഈ വർഷം (2023-2024) IX-ാം ക്ലാസ്സ് വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി രൂപതാതലത്തിൽ വിചിന്തനം സെമിനാർ ഏപ്രിൽ മാസത്തിൽ 11 ബാച്ചുകളിലായി ഏപ്രിൽ 15,16,17,18,19,20,25,26,27,29,30 തീയതികളിൽ നടത്തപ്പെടുന്നു.

**4. സ്കോളർഷിപ്പ് പരീക്ഷ**

വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ 2024 ഏപ്രിൽ 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത് കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട്, പാലാ എന്നീ കേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടുന്നതാണ്. ഏപ്രിൽ 21 ന് മുമ്പായി ഓൺലൈൻ രജിസ്ട്രഷേൻ നടത്തേണ്ടതാണ്.

**5. ദൈവവിളി ക്യാമ്പ്**

SSLC, +2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ, ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്കായി ഒരു ദൈവവിളി ക്യാമ്പ് നമ്മുടെ രൂപത മൈനർ സെമിനാരിയിൽവച്ചു നടത്തുന്നു. 2024 ഏപ്രിൽ മാസം 7-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്ന ഈ ക്യാമ്പ് 8-ാം തീയതി തിങ്കളാഴ്ച അവസാനിക്കുന്നതാണ്. പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദികരാകുവാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.

**6. അൾത്താരബാലന്മാരുടെ ക്യാമ്പ്**

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാരുടെ ക്യാമ്പ് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽവച്ചു നടത്തുന്നു. ഓരോ ഇടവകയിൽനിന്നും 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ. ഒരു ഇടവകയിൽനിന്നു പരമാവധി അഞ്ചു കുട്ടികളെയാണ് ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്.

ഒന്നാം ബാച്ച് : 2024 ഏപ്രിൽ 10 ബുധൻ ; സമയം : 9.30 am to 3.30 pm
ഫൊറോനകൾ : അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, മൂലമറ്റം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, കൂട്ടിക്കൽ.

രണ്ടാം ബാച്ച് : 2024 ഏപ്രിൽ 11 വ്യാഴം ; സമയം : 9.30 am to 3.30 pm
ഫൊറോനകൾ : പാലാ കത്തീഡ്രൽ, രാമപുരം, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി, പ്രവിത്താനം, കടനാട്.

**7. CTP കോഴ്സ് 2023 -2024**

2023 - 2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ മാർച്ച് മാസത്തിലെ ക്ലാസുകൾ 8, 9 തീയതികളിൽ നടത്തപ്പെട്ടു.

മാർച്ച് 08 വെള്ളി : Patrology : ഡോ. ജോൺ കണ്ണന്താനം
മാർച്ച് 09 ശനി : Theology of Religions: ഡോ. അലക്സ് പണ്ടാരക്കാപ്പിൽ
2023-2024 വർഷത്തെ CTP കോഴ്സ് അവസാനിച്ചു.

**8. XII-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

XII-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം 2024 മാർച്ച് 3-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. ഈ സമ്മേളനത്തിൽ XII-ാം ക്ലാസ്സിലെ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തപ്പെട്ടു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ചുമതലയേറ്റെടുക്കൽ**

റവ. ഫാ. മാത്യു പുതിയിടത്ത് സെന്റ് തോമസ് ചർച്ച്, സോളായുടെ വികാരിയായും റവ. ഫാ. മാത്യു വെങ്ങാലൂർ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ചർച്ച്, മണിനഗറിന്റെ വികാരിയായും ചുമതലകളേറ്റെടുത്തു.

**2. വനിതാ ദിനാചരണം**

മരിയൻ മാതൃവേദി ബാറൂച്ച് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വനിതാദിനാചരണത്തിന്റെ ഭാഗമായി റവ. ഫാ. മാത്യു പുതിയിടത്ത് പരി. കുർബാനയർപ്പിക്കുകയും റവ. ഫാ. ജെയിംസ് പുലിയുറുമ്പിൽ സന്ദേശം നൽകുകയും ചെയ്തു.

**3. വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**

റീജണിലെ എല്ലാ ഇടവകളിലും വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആചരിച്ചു.

**4. വാർഷികധ്യാനം**

റീജണിലെ എല്ലാ ഇടവകളിലും വാർഷികധ്യാനം നടത്തപ്പെട്ടു. ബാപ്പുനഗർ, നവരംഗ്പുര ഇടവകകളിൽ റവ. ഫാ. തോമസ് വടക്കേൽ ധ്യാനം നയിച്ചു. മനേജാ ഇടവകയിൽ റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയും ബാറൂച്ച് ഇടവകയിൽ റവ. ഫാ. ബോബിൻ തെക്കനാൽ CMI യും ധ്യാനം നയിച്ചു.

**5. നാല്പതാം വെള്ളിയാചരണം**

അഹമ്മദാബാദ് സോണിന്റെ ആഭിമുഖ്യത്തിൽ തൽതേജിൽ വച്ച് വിപുലമായ രീതിയിൽ നാല്പതാം വെള്ളിയാചരണം നടത്തപ്പെട്ടു. സോണിലെ എല്ലാ വൈദികരും ഭൂരിഭാഗം ദൈവജനവും ഭക്ത്യാദരപൂർവ്വം അതിൽ പങ്കുചേർന്നു.

**6. പഠനയാത്ര**

ചരിത്രപഠനയാത്രയുടെ ഭാഗമായി റവ. ജെയിംസ് പുലിയുറുമ്പിൽ മാർത്തോമ്മാ ശ്ലീഹാ തന്റെ ആദ്യ പ്രേഷിതയാത്രയിൽ എത്തിചേർന്നുവെന്ന് പറയപ്പെടുന്ന ബാറൂച്ച് സന്ദർശിക്കുകയും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സാധ്യതകൾ വിലയിരുത്തുകയും ചെയ്തു.

**7. വലിയാഴ്ചയാചരണം**

റീജണിലെ എല്ലാ ഇടവകകളിലും വലിയാഴ്ച ഭക്ത്യാദരപൂർവ്വം ആചരിക്കപ്പെട്ടു. സിനഡൽ നിർദ്ദേശങ്ങൾ ഇടവകജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുകയും പാരമ്പര്യത്തോടും സിനഡൽ നിർദ്ദേശങ്ങളോടും ചേർന്ന് ആരാധനാക്രമാനുഷ്ഠാനങ്ങൾ നടത്തുവാൻ വൈദികർ ഇടവകജനത്തെ പരിശീലിപ്പിക്കുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

എക്സിക്യൂട്ടീവ് യോഗം

പാലാ രൂപത ചെറുപുഷ്പമിഷൻ ലീഗിന്റെ മാർച്ചുമാസത്തെ എക്സിക്യൂട്ടീവ് യോഗം മാർച്ച് 3 ഞായറാഴ്ച വൈകുന്നേരം മൂന്ന് മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നല്കി. യോഗം മാർച്ച് മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത തീരുമാനങ്ങളെടുത്തു.

**കുഞ്ഞുമിഷണറി മാസിക**

മാർച്ച് മാസത്തിലെ കുഞ്ഞുമിഷണറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലേക്ക് എത്തിച്ചു.

**സംസ്ഥാന മാനേജിങ് കമ്മറ്റിയും ഭാരവാഹിതിരഞ്ഞെടുപ്പും**

ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ 2024 മാർച്ച് മാസം 9-ാം തീയതി പാലാരിവട്ടം പി.ഒ.സിയിൽ വച്ച് സംഘടിപ്പിച്ച സംസ്ഥാന മാനേജിങ് കമ്മറ്റിയോഗത്തിലും തുടർന്ന് നടന്ന ഭാരവാഹിതിരഞ്ഞെടുപ്പിലും പാലാ രൂപത സമിതിയംഗങ്ങൾ പങ്കെടുത്തു. പാലാ രൂപത അംഗങ്ങളായ ശ്രീ തോമസ് അടുപ്പുകല്ലുങ്കൽ സംസ്ഥാന ജനറൽ ഓർഗനൈസറായും ശ്രീ ജസ്റ്റിൻ വയലിൽ കോട്ടയം റീജിയണൽ ഓർഗനൈസറായും മനു അഗസ്റ്റിൻ മാളികപ്പുറത്ത് ഓഡിറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**ക്ലാസ്സ് നയിച്ചു**

ചെറുപുഷ്പമിഷൻലീഗ് ദേശീയ ജനറൽ ഓർഗനൈസറും പാലാ രൂപത എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ ബെന്നി മുത്തനാട്ട് മാർച്ചുമാസം 3-ാം തീയതി ഉള്ളനാട് ശാഖയും മാർച്ച് മാസം 10-ാം തീയതി മാവടി ശാഖയും സന്ദർശിക്കുകയും മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു. സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ മാർച്ച് 3-ാം തീയതി കോതനല്ലൂർ ശാഖയും ജോബി അലക്സ് ആലയ്ക്കാപറമ്പിൽ മാർച്ച് 10-ാം തീയതി വേലനിലം ശാഖയും സന്ദർശിക്കുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**കളരി വിതരണം ചെയ്തു**

കെ.സി.എസ്.എൽ മാഗസിൻ കളരി മൂന്നാം ലക്കം എല്ലാ സ്കൂളുകളിലും വിതരണം ചെയ്തു.

**അവധിക്കാല ക്യാമ്പ്**

കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി നടത്താറുള്ള അവധിക്കാലക്യാമ്പ് ഈ വർഷവും നടത്താൻ തീരുമാനിച്ചു. എച്ച്.എസ്. എസ്.എച്ച്.എസ്. വിഭാഗത്തിലെ കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 22,23,24 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചും യു.പി. വിഭാഗത്തിലെ കുട്ടികൾക്കായുള്ള ക്യാമ്പ് മെയ് 14,15,16 തീയതികളിലായി ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ചും നടത്താൻ തീരുമാനിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. പൂഞ്ഞാർ പ്രതിഷേധം**

പൂഞ്ഞാർ പള്ളിയിൽ വൈദികനെ ആക്രമിച്ചതിനെതിരേ പാലാ രൂപതയിലെ വിവിധ ഇടവകകളിലും ഫൊറോനകളിലും യുവജനങ്ങൾ പ്രതിഷേധറാലിയും പന്തംകൊളുത്തി പ്രകടനങ്ങളും നടത്തി.

**2. പ്രതിഷേധം**

പാലാ രൂപതയുടെ ഫേസ്ബുക്ക് പേജിൽ നേരിട്ട രൂക്ഷമായ സൈബർ ആക്രമത്തിനെതിരേ പ്രതിഷേധം.

**3. ആശംസകൾ അറിയിച്ചു**

SET എക്സാം പാസായ പല രൂപതാ പ്രസിഡണ്ട് ശ്രീ. എഡ്വിൻ ജോസിക്ക് അഭിനന്ദനങ്ങൾ നേർന്നു. ഒപ്പം K-TET വിജയികളായ യുവജനങ്ങളെയും അഭിനന്ദിച്ചു.

**4. വിജയാശംസകൾ നേർന്നു**

എസ്.എസ്.എൽസി, ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് വിജയാശംസകൾ നേർന്നു.

**5.** 'കലാലയങ്ങളിൽ മനുഷ്യജീവൻ നഷ്ടപ്പെടുമ്പോൾ ഒരു കുടുംബത്തിന്റെ മുഴുവൻ പ്രതീക്ഷകളുമാണ് അസ്തമിക്കുന്നത്' എന്നു ഉറക്കെ പ്രഘോഷിച്ചുകൊണ്ട് പൂക്കോട് കോളേജിൽ നടന്ന സംഭവത്തിൽ പാലാ രൂപത യുവജന പ്രസ്ഥാനം തന്റെ നിലപാട് അറിയിച്ചു.

**6.** യുവജനവർഷത്തോടനുബന്ധിച്ച്, സുവർണ്ണജൂബിലി സമാപനവേളയിൽ നിർധനരായ ഒരു കുടുംബത്തിന് സൗജന്യമായി ഒരു ഭവനം നിർമ്മിച്ചു നൽകുവാനായി അപേക്ഷ ക്ഷണിച്ചു.

**7. എസ്.എം.വൈ.എം. പാലാ രൂപതയുടെ വനിതാദിനാഘോഷവും കേശദാനവും നടത്തപ്പെട്ടു.**

എസ്.എം.വൈ.എം പാലാ രൂപതയുടെ വനിതാദിനാഘോഷവും, കേശദാനവും എസ്.എം.വൈ.എം കുറവിലങ്ങാട് ഫോറോനയിൽ എസ്.എം.വൈ.എം മരങ്ങാട്ടുപിള്ളി യൂണിറ്റിന്റെ ആതിഥേയത്വത്തിൽ 2024 മാർച്ച് 8-ാം തീയതി സെന്റ്

ഫ്രാൻസിസ് അസീസി ചർച്ച്, മരങ്ങാട്ടുപിള്ളിയിൽ വച്ച് നടത്തപ്പെട്ടു. ജപമാലയോടെ ആരംഭിച്ച ഭക്തിനിർഭരവും പ്രൗഢോജ്ജ്വലവുമായ ചടങ്ങുകൾക്ക് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് കുമാരി ടിൻസി ബാബു പതാക ഉയർത്തുകയും അധ്യക്ഷപദം അലങ്കരിക്കുകയും ചെയ്തു. സാമൂഹിക പ്രവർത്തക ശ്രീമതി നിഷ ജോസ് കെ. മാണി ഉദ്ഘാടനകർമ്മം നിർവഹിക്കുകയും, തന്റെ ജീവിതാനുഭവങ്ങൾകൊണ്ട്, വനിതകൾ നസ്രാണിസമൂഹത്തിന്റെ കരുത്തായി കരുതലായി മാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഉദ്ബോധിപ്പിക്കുകയും ചെയ്തു. അതോടൊപ്പം 2024 പ്രവർത്തനവർഷത്തെ കേശദാനവും ശ്രീമതി നിഷ ജോസ് കെ. മാണി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം അതിരൂപത മുൻ എം.സി.വൈ.എം. പ്രസിഡന്റ് കുമാരി രഞ്ജിത ആർ.ജെ. മുഖ്യപ്രഭാഷണം നടത്തി, വനിതകൾ ഇന്നത്തെ സമൂഹത്തിന്റെ കാതലാണെന്നും, നാളത്തെ രാജ്യത്തെ മുന്നോട്ടു നയിക്കേണ്ടവരാണെന്നും ഉദ്ബോധിപ്പിച്ചു. പാലാ രൂപതയുടെ ജോയിന്റ് സെക്രട്ടറി കുമാരി ബിൽനാ സിബി സ്വാഗതമാശംസിക്കുകയും, രൂപത സോണൽ ആനിമേറ്റർ റവ. സി. മേരിലിറ്റ് എഫ്.സി.സി ആമുഖപ്രഭാഷണം നടത്തുകയും, രൂപത സോണൽ ആനിമേറ്റർ റവ. സി. ആൻസ് എസ്.എച്ച്, മരങ്ങാട്ടുപിള്ളി യൂണിറ്റ് ജോയിന്റ് ഡയറക്ടർ റവ.സി. മരിയ എസ്.എ.ബി.എസ്, എസ്.എം.വൈ.എം മരങ്ങാട്ടുപിള്ളി യൂണിറ്റ് പ്രസിഡന്റ് കുമാരി ജെസ്‌ലെറ്റ് മാത്യു, പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രോജക്ട് ഓഫീസർ ശ്രീമതി മെർലിൻ ജെയിംസ് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ച യോഗത്തിന് പാലാ രൂപതയുടെ സ്റ്റേറ്റ് സിൻഡിക്കേറ്റ് കൗൺസിലർ കുമാരി റിയ തെരേസ് ജോർജ് നന്ദി അർപ്പിച്ചു. മോട്ടിവേഷൻ സ്പീക്കറും, അധ്യാപികയുമായ കുമാരി ലിനറ്റ് മരിയ കെ. ആവേശോജ്ജ്വലമായ ഇൻട്രാക്റ്റീവ് സെക്ഷനു നേതൃത്വം നൽകി. തുടർന്ന് പാലാ രൂപതയുടെ സിൻഡിക്കേറ്റ് കൗൺസിലർ കുമാരി അന്നാ സാന്ദ്ര സാബു ഏവർക്കും നന്ദി അർപ്പിച്ചു. എസ്.എം.വൈ.എം പാലാ രൂപതയുടെ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് ശ്രീ എഡ്വിൻ ജോസി, ജനറൽ സെക്രട്ടറി ശ്രീ മിജോ ജോയി, എസ്.എം.വൈ.എം പാലാ രൂപത ജോയിന്റ് ഡയറക്ടർ റവ.സി. നവീന സി.എം.സി, സോണൽ ആനിമേറ്റർ റവ.സി. ബ്ലസി ഡി.എസ്.റ്റി, മരങ്ങാട്ടുപിള്ളി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് തയ്യിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ റോൺ റോയി, മേഖലാ പ്രസിഡന്റ് ശ്രീ ജിസ്മോൻ ഷാജി, വൈസ് പ്രസിഡന്റ് കുമാരി ആതിര അന്ന ജോസഫ്, മറ്റ് രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾ, വൈദികർ, സിസ്റ്റേഴ്സ് എന്നിവരോടൊപ്പം 200ലധികം വനിതകളും പ്രോഗ്രാമിൽ പങ്കെടുത്തു.

**8.** വന്യജീവിശല്യം തടയാൻ ശാശ്വതനടപടികൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ യുവജനങ്ങൾ നടത്തുന്ന 48 മണിക്കൂർ ഉപവാസസമരത്തിന് പൂർണ്ണപിന്തുണയുമായി എസ്.എം.വൈ.എം പാലാ രൂപത.

**9. പ്രതിഷേധവാരം**

വന്യമൃഗാക്രമണങ്ങൾ പെരുകുന്ന സാഹചര്യത്തിൽ, സർക്കാർ സംവിധാനങ്ങളുടെ മൗനത്തിനെതിരേ പാലാ രൂപത തലത്തിൽ 10/03/2024 മുതൽ 17/03/2024 വരെ പ്രതിഷേധവാരമായി ആചരിക്കാൻ യൂണിറ്റുകളോടും ഫൊറോനയോടും ആഹ്വാനം ചെയ്തു.

കേരളത്തിലെ മലയോരമേഖലകളിൽ വർധിച്ചുവരുന്ന വന്യമൃഗങ്ങളുടെ അക്രമങ്ങൾക്കെതിരേ സർക്കാർ സംവിധാനങ്ങൾ മൗനം പാലിക്കുന്നതിനെതിരേ പാലാ രൂപതയിലെ എല്ലാ മേഖലകളും, ഇടവകകളിലും നാളെ 10/03/2024 ഞായറാഴ്ച മുതൽ 17/03/2024 ഞായറാഴ്ച വരെയുള്ള ഏതെങ്കിലും ഒരു ദിവസം പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും, നമ്മുടെ നിലപാട് വ്യക്തമാക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം രൂപതാസമിതി മേഖല-യൂണിറ്റുകളോട് ആഹ്വാനം ചെയ്യുന്നു.

'ഇരുമ്പിന്റെ മാംസപേശികളും കരുത്തുറ്റ മനസ്സുള്ളവരുമാണ് മലയോര മേഖലയിലെ ജനങ്ങൾ. മൃഗങ്ങൾക്കുവേണ്ടി മൃഗങ്ങൾ ഭരിക്കുന്ന മൃഗീയമായ ഈ കിരാതഭരണത്തിനെതിരേ നമുക്ക് ശക്തമായി പ്രതിഷേധിക്കാം.'

**10.** KCYM സംസ്ഥാനസമിതിയിലേക്കുള്ള സീറോ മലബാർസഭയിൽനിന്നുള്ള വൈദികപ്രതിനിധിയായി എസ്.എം.വൈ.എം പാലാ രൂപത ഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റി തിരഞ്ഞെടുക്കപ്പെട്ടു.

**11. പ്രതിഷേധം രേഖപ്പെടുത്തി.**

അധ്യാപകർക്ക് ഈസ്റ്റർദിനത്തിലും മൂല്യനിർണയക്യാമ്പ് നടത്തുന്നതി നെതിരേ എസ്.എം.വൈ.എം പാലാ രൂപതാസമിതി പ്രതിഷേധം രേഖപ്പെടുത്തി.

**12.** എസ്.എം.വൈ.എം-കെ.സി.വൈ.എം പാലാ രൂപതയുടെ നവീകരിച്ച ഓഫീസിന്റെ ഉദ്ഘാടനകർമ്മം പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**13.** എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ ദ്വിമാസ പതിപ്പ് 'മറുപടി' പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രകാശനം ചെയ്തു.

**14. കുരിശുമലകയറ്റം**

എസ്.എം.വൈ.എം-കെ.സി.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ അരുവിത്തുറ ഫോറോനയിൽ എസ്.എം.വൈ.എം തിടനാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നോമ്പുകാല കുരിശുമലതീർത്ഥാടനം തിടനാട് ഊട്ടുപാറ കുരിശുമലയിലേക്കു നടത്തപ്പെട്ടു.

**15.** എസ്.എം.വൈ.എം ചേർപ്പുങ്കൽ ഫൊറോനയുടെ ഏകദിന ഉപവാസ സമരത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ച് പാലാ രൂപതാസമിതി അംഗങ്ങൾ സമരപ്പന്തൽ സന്ദർശിച്ചു.

**16.** മാർച്ച് 19 യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് യൗസേപ്പിതാവിന്റെ നാമധാരിയായ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ആശംസകൾ അറിയിക്കുകയും, കേക്ക് മുറിക്കുകയും ചെയ്തു.

**17. പ്രതിഷേധം രേഖപ്പെടുത്തി**

പൂഞ്ഞാർ സംഭവത്തെ മുൻനിർത്തി ക്രൈസ്തവരെ അധിക്ഷേപിച്ച് ഫേസ്ബുക്ക് പോസ്റ്റിട്ട തോമസ് ഐസക് മാപ്പുപറയണമെന്ന് എസ്.എം.വൈ.എം പാലാ രൂപതാസമിതി.

**18. ആദരാഞ്ജലികൾ**

പാലാ രൂപതയോടൊപ്പം ചേർന്നുനിന്ന് എസ്.എം.വൈ.എം നരിയങ്ങാനം യൂണിറ്റിന്റെ പ്രസിഡന്റായി സേവനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ശ്രീ ജോഫിൻ ജോയിക്കും, എസ്.എം.വൈ.എം കത്തീഡ്രൽ യൂണിറ്റ് സെക്രട്ടറിയായി സേവനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ശ്രീ അമൽ ഷാജിക്കും കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ.

**19. കുരിശുമല തീർത്ഥാടനം**

കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ പാലാ രൂപതയുടെ ആതിഥേയത്വത്തിൽ 2024 മാർച്ച് 25 തിങ്കളാഴ്ച വൈകിട്ട് 4:30 മണിക്ക് അരുവിത്തുറ സെന്റ് ജോർജ് ദൈവാലയത്തിൽനിന്ന് വല്യച്ചൻ മലയിലേക്ക് കുരിശുമല തീർത്ഥാടനം നടത്തപ്പെട്ടു.

പാലാ രൂപത വിശ്വാസപരിശീലനത്തിന്റേയും എ.കെ.സി.സിയുടെയും ഡയറക്ടറായ വെരി റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖസന്ദേശം നൽകി കുരിശിന്റെ വഴി പ്രയാണത്തിനു തുടക്കംകുറിച്ചു. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ എം.ജെ ഇമ്മാനുവേൽ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കുമാരി അനു ഫ്രാൻസിസ്, ശ്രീ ഷിബിൻ ഷാജി, സംസ്ഥാന സെക്രട്ടറിമാരായ ശ്രീ സുബിൻ സണ്ണി, കുമാരി മരീറ്റ തോമസ്, സംസ്ഥാന ട്രഷറർ ശ്രീ ഡിബിൻ ഡോമിനിക്, കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ റവ.ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, കെ.സി.വൈ.എം പാലാ രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, കാഞ്ഞിരപ്പള്ളി രൂപത ഡയറക്ടർ റവ.ഫാ. ജിക്കു നരിപ്പാറയിൽ, പാലാ രൂപത ആനിമേറ്റർ സി. നവീനാ സി.എം.സി എന്നിവർ സന്നിഹിതരായിരുന്നു.

കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ 2024 കുരിശുമല തീർത്ഥാടനത്തിന്, ആതിഥേയത്വം വഹിച്ച ശ്രീ എഡ്വിൻ ജോസിയുടെ നേതൃത്വത്തിലുള്ള പാലാ രൂപതാസമിതിക്കും അരുവിത്തുറ യൂണിറ്റിനും അരുവിത്തുറ ഇടവക വികാരി സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, സഹവികാരിമാരായ എബ്രാഹം കുഴിമുള്ളിൽ, ജോസഫ് കദളിയിൽ എന്നിവർക്കുമൊപ്പം കാഞ്ഞിരപ്പള്ളി, നെയ്യാറ്റിൻകര, കോതമംഗലം, ഇടുക്കി, വിജയപുരം, ആലപ്പുഴ, മാവേലിക്കര, ചങ്ങനാശ്ശേരി, സുൽത്താൻപേട്ട് രൂപതകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

## ജീസസ് യൂത്ത്

---

**ഫിലിപ്പ് കോഴ്സ്**

ജീസസ് യൂത്ത് ജീവിതശൈലിയിൽ വളരാനും ഈശോയെ കൂടുതൽ അറിയാനും സഹായിക്കുന്ന ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സിന്റെ ആരംഭമായ ഫിലിപ്പ് കോഴ്സ് 2024 മാർച്ച് 15 മുതൽ 17 വരെ ഗുഡ് സമരിറ്റൻ സെൻറർ ചേർപ്പുങ്കലിൽ വച്ച് നടത്തപ്പെട്ടു 58 പേർ പങ്കെടുത്തു. ഈശോയെ

വ്യക്തിപരമായി അറിയാനും അനുഭവിക്കാനും കഴിഞ്ഞ ദിവസങ്ങൾ ആയിരുന്നു കടന്നുപോയത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളും കുടുംബാംഗങ്ങളും ഈ ഫോർമേഷൻ കോഴ്സിൽ പങ്കെടുത്തു.

**സി.എൽ.റ്റി.പി**

പാലായിലെ വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സി. എൽ.ടി.പി. എന്ന ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു. 2024 മാർച്ച് 7 മുതൽ 10 വരെ പാലാ ചാവറ സ്കൂളിൽവച്ചാണ് നടത്തപ്പെട്ടത്. 29 വിദ്യാർത്ഥികൾ പങ്കെടുത്തു. യേശുവിനോടുള്ള ആഴമായ സ്നേഹത്തിൽ നിറഞ്ഞ മിഷനറിമാരാ യാണ് ഓരോ വിദ്യാർത്ഥികളും തങ്ങളുടെ കോളേജുകളിലേക്ക് തിരികെപ്പോയത്.

**കേരള ഇവാലുവേഷൻ മീറ്റിംഗ്**

കേരള ജീസസിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 2024 മാർച്ച് 15 മുതൽ 17 വരെ വിവിധ സോണുകളിലെ കൗൺസിൽ മെമ്പേഴ്സിനും മിനിസ്ട്രി മെമ്പേഴ്സിനുമായി കേരള ഇവാലുവേഷൻ മീറ്റിംഗ് നടത്തപ്പെട്ടു. പാലാ സോണിൽനിന്ന് ഏഴു കൗൺസിൽ മെമ്പേഴ്സും ആനിമേറ്ററായ സി. ലിസ് മരിയായും കേരള ജീസസ് പ്രൊഫഷണലായ ഫാ. കുര്യൻ മറ്റത്തിലും ഇവാലുവേഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. കഴിഞ്ഞ ഒരു വർഷക്കാലത്തെപ്പറ്റി ചിന്തിക്കുവാനും അടുത്ത ഒരു വർഷക്കാലം ഈശോയ്ക്കുവേണ്ടി എന്തൊക്കെ ചെയ്യാം എന്ന് ചിന്തിക്കുവാനുമാണ് ഈ ദിവസങ്ങൾ ഉപകരിച്ചത്.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാ ദിവസവും വൈകുന്നേരം 8:30 യ്ക്ക് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ എട്ടുമുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നടത്തപ്പെടുന്ന ധ്യാനം ബ്ലൂമിംഗ് റോസസിനുവേണ്ടിയും സോണിന്റെ മറ്റു നിയോഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. പാലാ സോൺ ഒന്നിച്ചു നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിക്കുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടത്തപ്പെടുന്നു.

**നൈറ്റ് വിജിൽ**

2024 മാർച്ച് 1 വൈകിട്ട് 7.00 മണി മുതൽ അൽഫോൻസ കോളജ് പാലായിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഈശോയുടെ ഒപ്പം ഈശോയുടെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകൾ ആയിരുന്നു കടന്നുപോയത്.

**ഹൗസ്ഹോൾഡ്**

2024 മാർച്ച് 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പരിഷ് ഹാളിൽ വെച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പത്തോളം ആളുകൾ പങ്കെടുത്തു.

**പ്രാർത്ഥനാസഹായം പെട്ടി**

പരീക്ഷയ്ക്ക് ഒരുക്കമായി സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പരീക്ഷ ഒരുക്കപ്പെട്ടി ഓൺലൈനായി ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ ഒരുക്കപ്പെട്ടു. ക്യൂ.ആർ കോഡിന്റെ സഹായത്തോടെ വിദ്യാർഥികൾക്ക് അവരുടെ പരീക്ഷദിവസവും പരീക്ഷാവിഷയങ്ങളും രേഖപ്പെടുത്തുകയും അവർക്കുവേണ്ടി ജീസസ് യൂത്ത് പാലാ ടീൻസ് ടീം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഏറെ വിദ്യാർത്ഥികൾക്ക് അവരുടെ പരീക്ഷാ ടെൻഷൻ കുറയ്ക്കാനും ഈശോയോട് കൂടുതൽ ചേർന്നുനിൽക്കാനും ഈ പ്രാർത്ഥനപ്പെട്ടിയിലൂടെ സാധിച്ചു.

**കുരിശിന്റെ വഴി**

ജീസസ്സ് യൂത്ത് പാലാ സോണിന്റെ വിവിധ നിയോഗങ്ങളെ സമർപ്പിച്ചുകൊണ്ട് വ്യാഴാഴ്ചകളിൽ വൈകുന്നേരം 5:30 യ്ക്ക് കുരിശിന്റ വഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമല കയറി.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 8:30 മുതൽ 10:30 വരെ സൂമിൽ പാലാ സോണിലെ വിവിധ ഇടങ്ങളിൽ ഉള്ളവർക്കായി ഒരു ഓൺലൈൻ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു. ഈ പ്രയർ മീറ്റിങ്ങിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒന്നിച്ചുകൂടുകയും വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നു. ആഴമായ വചനാനുഭവമുണ്ടാകാനും ജീസസ് യൂത്ത് കൂട്ടായ്മയോടുചേർന്നിരിക്കുവാനും ഈ ഓൺലൈൻ പ്രയർ മീറ്റിങ്ങിനു കഴിയുന്നുണ്ട്.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

കുടുംബക്കൂട്ടായ്മ രൂപത കൗൺസിലിന്റെയും റിസോഴ്സ് ടീമിന്റെയും സംയുക്തയോഗം മാർച്ച് 18 രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബാബുപോൾ പെരിയപ്പുറം റിപ്പോർട്ട് അവതരിപ്പിച്ചു. 1) രൂപതാവാർഷികത്തെപ്പറ്റി ഫൊറോനാ തിരിച്ചുള്ള അവലോകനം നടത്തി. 2) സഭാനവീകരണവർഷത്തോടനുബന്ധിച്ച്, അഭിവന്ദ്യ പിതാവു നിർദ്ദേശിച്ച കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന മൂന്നാമത്തെ പ്രവർത്തനമായ ബൈബിൾ പാരായണം (വ്യക്തിപരം) എല്ലാ ഇടവകകളിലും വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം നടത്താൻ തീരുമാനിച്ചു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വിശദീകരണം നൽകി.

a) പ്രായഭേദമന്യേ എല്ലാവരും ഇതിൽ പങ്കാളികളാകുന്നു.

b) എല്ലാ ദിവസവും ഏറ്റവും കുറഞ്ഞത് 15 മിനിറ്റ് വായിക്കുന്നു (തുടക്കം ഉൽപത്തി മുതൽ).

c) ഓരോരുത്തരും വായനയ്ക്ക് അനുയോജ്യമായ സമയം തിരഞ്ഞെടുക്കുന്നു. (ഉദാ. 5 am to 5.15 am, 9.15 pm to 9.30 pm വരെ).

d) ഒരോരുത്തരും വായിച്ചവസാനിപ്പിച്ചതിന്റെ തുടർച്ച അടുത്ത ദിവസം തുടരുന്നു.

e) തിരഞ്ഞെടുത്ത സമയം വാർഡ് പ്രസിഡന്റോ സെക്രട്ടറിയോ രേഖപ്പെടുത്തി ക്രോഡീകരിക്കുന്നു.

f) വിദേശത്തുള്ള ഇടവകാംഗങ്ങളും ഇതിൽ പങ്കെടുക്കുന്നു.

g) 24 മണിക്കൂറും ബൈബിൾ വായിക്കുന്ന ഇടവക - രൂപതയാണ് ലക്ഷ്യം. ഡയറക്ടറും, അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിലും ചർച്ചകൾക്കു നേതൃത്വം നൽകി.

**3)** അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ നാമഹേതുകത്തിരുനാളായ മാർച്ച് 19 ന് ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെയും അസി. ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിലിന്റെയും നേതൃത്വത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പിതാവിനെ സന്ദർശിച്ച് ആശംസകൾ നേർന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**മാർച്ച് 7-9, 25-27** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 269 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ഏപ്രിൽ 8-10, 22-24, മെയ് 10-12, 24-26** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

മാർച്ചുമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. ആൻസി ജോർജ് ക്ലാസ്സെടുത്തു. 489 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

## B. പിതൃവേദി

### 1. പ്രവർത്തനവർഷോദ്ഘാടനം

മാർച്ച് 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പിതൃവേദി കോതനല്ലൂർ മേഖലയുടെ പ്രവർത്തനവർഷോദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. കോതനല്ലൂർ വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ട് മുഖ്യപ്രഭാഷണം നടത്തി. മാർച്ച് 17-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പിതൃവേദി കൂട്ടിക്കൽ മേഖലയുടെ പ്രവർത്തനവർഷോദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി. വികാരി വെരി റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ട് മുഖ്യപ്രഭാഷണം നടത്തി.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

മാർച്ച് 15-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് കൂടുകയും ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പാലാ മേഖല പ്രവർത്തനവർഷോദ്ഘാടനത്തെക്കുറിച്ചു ചർച്ച നടത്തി തീരുമാനിക്കുകയും ചെയ്തു.

**3. പാലാ മേഖല പ്രവർത്തനവർഷോദ്ഘാടനം**

മാർച്ച് 16-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ രൂപതയിലെ 17 മേഖലകളിലായി പ്രവർത്തിക്കുന്ന പിതൃവേദിയുടെ പാലാ മേഖല പ്രവർത്തന വർഷോദ്ഘാടനം കുടക്കച്ചിറ പള്ളി ഓഡിറ്റോറിയത്തിൽവച്ചു നടത്തപ്പെട്ടു. പിതൃവേദിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ നാമഹേതുകത്തിരുനാൾ ആഘോഷവും തദവസരത്തിൽ ക്രമീകരിച്ചിരുന്നു. ഉച്ചകഴിഞ്ഞ് 2.30 ന് കുടക്കച്ചിറ സെന്റ് ജോസഫ് പള്ളിയിൽ രൂപതയിലെ എല്ലാ യൂണിറ്റുകളിൽനിന്നും ഉള്ളവർ ഒത്തുചേർന്നപ്പോൾ, ആരാധനയ്ക്ക് പിതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നേതൃത്വം നൽകി. തുടർന്ന് പാരീഷ് ഹാളിൽ കൂടിയ സമ്മേളനത്തിൽ പിതൃവേദി രൂപത പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ട് അദ്ധ്യക്ഷത വഹിച്ചു. യൗസേപ്പിതാവിനെപ്പോലെ ജാഗത്രയും ഉണർവ്വും ഉള്ളവരായി ഓരോ പിതാവും മാറണമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത കുടക്കച്ചിറ പള്ളി വികാരി റവ. ഫാ. തോമസ് മഠത്തിപ്പറമ്പിൽ അഭിപ്രായപ്പെട്ടു. പിതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, മേഖല പ്രസിഡന്റ് ശ്രീ സാബു കരിന്തയിൽ, സെക്രട്ടറി ടോമി തുരുത്തിക്കര, ശ്രീ ബിൻസ് തൊടുകയിൽ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.

**4. സംഘടനകളുടെ ആവശ്യകത**

മാർച്ച് 17-ാം തീയതി രാവിലെ 7 മണിക്ക് വലവൂർ പള്ളിയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാന അർപ്പിച്ച് മാതൃവേദി, പിതൃവേദി സംഘടനകളുടെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു.

**5. നാല്പതാം വെള്ളിയാചരണം**

മാർച്ച് 22-ാം തീയതി രാവിലെ 10 മണിക്ക് നാല്പതാം വെള്ളിയോടനുബന്ധിച്ച് പിതൃവേദി, മാതൃവേദി സംഘടനകളുടെ നേതൃത്വത്തിൽ വല്യച്ചൻമലയിലേക്ക് കുരിശിന്റെ വഴി നടത്തപ്പെട്ടു. മലയിലെ പള്ളിയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധകുർബാന അർപ്പിച്ചു സന്ദേശം നൽകി.

## C. മാതൃവേദി

**1. രൂപതാസമിതി**

മാർച്ച് 2-ാം തീയതി 11 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാസമിതി നടത്തി. വല്യച്ചൻമല തീർത്ഥാടനം, മെയ് മാസത്തിലെ കുടുംബസംഗമം എന്നീ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**2. വനിതാദിനാഘോഷം**

മാർച്ച് 6-ാം തീയതി രാവിലെ 10 മണിക്ക് പാലാ കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് വനിതാദിനാഘോഷം നടത്തപ്പെട്ടു. വ്യത്യസ്തമായ അതീജീവിത അനുഭവങ്ങളുമായി പാലാ രൂപത മാതൃവേദി വനിതാദിനാഘോഷം. വനിതാദിനാഷോത്തിന് കത്തീഡ്രൽ പള്ളി വികാരി റവ. ഡോ. ജോസ് കാക്കല്ലിൽ

അദ്ധ്യക്ഷത വഹിച്ചു. പാലാ മുനിസിപ്പാലിറ്റി നിയുക്ത സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി ലിസിക്കുട്ടി കണ്ടത്തിപ്പറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. തനിച്ചാക്കപ്പെട്ട അവസ്ഥയിലും തന്റെ നാലു മക്കളെയും ചേർത്ത് പിടിച്ച് മത്സ്യക്കച്ചവടം നടത്തി അതിജീവനത്തിലേക്കുതിരിച്ചുവന്ന സെലിൻ ഐസക്ക്, രണ്ടു തവണ ക്യാൻസർ രോഗത്തിൽനിന്ന് ദൃഢനിശ്ചയത്തിലൂടെ ജീവിതത്തിലേക്കു തിരിച്ചുവന്ന കേരള ഗ്രാമീണ ബാങ്ക് റീജണൽ മാനേജർ ശ്രീമതി എം.എസ്. ലീല ജെയിൻ, 94 വയസ്സ് പിന്നിടുമ്പോഴും സന്ന്യാസജീവിതത്തിന്റെ കർമ്മനിരതയിൽ മുൻപന്തിയിൽ നിൽക്കുന്ന സി. ഡിഗ്ന എസ്.എ.ബി.എസ് എന്നിവർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ചത് വ്യത്യസ്ത നിറഞ്ഞു. ഇവരെ തദവസരത്തിൽ ആദരിച്ചു. മാതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപത പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ, സെക്രട്ടറി ശ്രീമതി ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ, പാലാ മേഖല പ്രസിഡന്റ് ശ്രീമതി ഡയാന രാജു എന്നിവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.

**3. സന്ദർശനം**

മാർച്ച് 10-ാം തീയതി രാമപുരം ഫൊറോനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കാർഷികമേളയോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ നടത്തിയ സ്റ്റാൾ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദർശിച്ചു.

## D. പ്രോലൈഫ്

**1. മീറ്റിംഗ്**

മാർച്ച് 23-ാം തീയതി രാവിലെ 10 മണിക്ക് കോതമംഗലത്ത് വച്ച് നടന്ന പ്രോലൈഫ് വാർഷികസമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപത പ്രസിഡന്റ് ശ്രീ മാത്യു എം.കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ്, സംസ്ഥാന ആനിമേറ്റർ സി. മേരി ജോർജ് എന്നിവർ പങ്കെടുത്തു. 2025 മാർച്ച് മാസത്തിൽ പാലായിൽ വച്ച് നടക്കുന്ന പ്രോലൈഫ് വാർഷികസമ്മേളനത്തിന്റെ ദീപശിഖ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏറ്റുവാങ്ങി.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഓഫീസ് നവീകരണം**

സീറോ മലബാർ മാട്രിമണിയുടെ നവീകരിച്ച ഓഫീസ് മാർച്ച് 2-ാം തീയതി രാവിലെ 10 മണിക്ക് പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് വെഞ്ചരിച്ചു.

**3. ഇടവകസന്ദർശനം**

മാർച്ച് 6-ാം തീയതി ചേർപ്പുങ്കൽ ഫൊറോനയിലെ മാസധ്യാനത്തിൽ പങ്കെടുത്ത് നമ്മുടെ ഇടവകയിലെ യുവതീയുവാക്കൻമാർക്ക് വിവാഹജീവിതത്തിലേക്കു പ്രവേശിക്കുവാൻ സീറോ മലബാർ സഭ പുതിയതായി ഒരുക്കിയിരിക്കുന്ന സീറോ മലബാർ മാട്രിമോണി സൈറ്റിനെക്കുറിച്ചു സംസാരിച്ചു.

**4. ഡയറക്ടേഴ്സ് മീറ്റിങ്**

മാർച്ച് 15-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിങ്ങിൽ റവ.ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**5. മീറ്റിങ്**

മാർച്ച് 20-ാം തീയതി തൃശൂർ, ഇരിങ്ങാലക്കുട രൂപതകളിൽ നടന്ന സീറോ മലബാർ മാട്രിമണിയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

**G. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി മാർച്ച് മാസത്തിൽ **രാമപുരം** ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**നേതൃസമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് നേതൃസമ്മേളനം മാർച്ച് 8-ാം തീയതി വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ കൂടി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു.

പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളിമുറ്റത്തുവച്ച് ഫെബ്രുവരി 23 ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് പള്ളിയിൽ ആരാധന നടക്കുന്ന സമയത്ത് അമ്പതോളം

വരുന്ന സമൂഹികവിരുദ്ധർ ബഹളം ഉണ്ടാക്കുകയും വണ്ടികൾ റെയ്സ് ചെയ്ത് ഉച്ചവെക്കുകയും ചെയ്തപ്പോൾ അതു പാടില്ല എന്നുപറയാൻ ചെന്ന അസി. വികാരി ജോസഫ് ആറ്റുചാലിൽ അച്ചനെ വണ്ടി ഇടിച്ച് കൊല്ലാൻ ശ്രമിച്ചതും അച്ചൻ പരിക്കുപറ്റി ഹോസ്പിറ്റലിലാണെന്നും സാമൂഹികവിരുദ്ധരെ പോലീസ് അറസ്റ്റു ചെയ്തുവെന്നും തുടർനടപടികൾ രൂപതാതലത്തിൽ എടുക്കണമെന്നും യോഗത്തിൽ അറിയിച്ചു.

അന്നേദിവസം ഡയറക്ടറുടെയും പ്രസിഡന്റിന്റെയും നേതൃത്വത്തിൽ പൂഞ്ഞാർ പള്ളിയിൽ എത്തിച്ചേർന്നവരെ അഭിനന്ദിക്കുകയും 25 ന് ഞായറാഴ്ച എല്ലാ യൂണിറ്റുകളിലും പ്രതിഷേധയോഗവും പന്തംകൊളുത്തി പ്രകടനവും നടത്തി നമ്മുടെ പ്രതിഷേധം സർക്കാരിനെ അറിയിച്ചതിനും സ്വതന്ത്രമായി ആരാധന നടത്തുന്നത് ഉറപ്പുവരുത്താൻ സർക്കാരുകൾക്കു കടമയുണ്ടെന്നും സൂചിപ്പിച്ച് റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സംസാരിച്ചു.

**തിരഞ്ഞെടുപ്പ്**

യൂണിറ്റുതല തിരഞ്ഞെടുപ്പുകൾ നടത്തിവരികയാണ്. മാർച്ച് 23 വരെയുള്ള തിരഞ്ഞെടുപ്പ് നടത്തുന്ന യൂണിറ്റുകൾക്കേ ഫൊറോന, രൂപത തിരഞ്ഞെടുപ്പുകളിൽ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂവെന്ന് വരണാധികാരി കൂടിയായ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ യോഗത്തിൽ അറിയിച്ചു.

നിലവിലുള്ള യൂണിറ്റുകളുടെ തിരഞ്ഞെടുപ്പിന് ഇടവകവികാരിയായിരിക്കും റിട്ടേണിംഗ് ഓഫീസർ. പുതിയ യൂണിറ്റുകളിൽ തിരഞ്ഞെടുപ്പ് നടത്തുമ്പോൾ റിട്ടേണിംഗ് ഓഫീസ് ഇടവക വികാരിയായിരിക്കണമെന്നും രൂപതാനേതൃത്വത്തിൽനിന്ന് ഒരാളെങ്കിലും പ്രസ്തുതയോഗത്തിൽ പങ്കെടുത്തിരിക്കണമെന്നും ആ യൂണിറ്റിന്റെ തിരഞ്ഞെടുപ്പിനെപ്പറ്റി രൂപതാനേതൃത്വം അറിയിക്കണമെന്നും നിർദ്ദേശിച്ചു.

ശ്രീ ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, രാജീവ് കൊച്ചുപറമ്പിൽ, ജോയി കെ. മാത്യു തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം കൊടുത്തു.

**പുതിയ യൂണിറ്റുകൾ**

കുണിഞ്ഞി, പ്ലാശനാൽ, ചക്കാമ്പുഴ തുടങ്ങിയ ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ച് രൂപത ഡയറക്ടർ, രൂപത പ്രസിഡന്റ് തുടങ്ങിയവർ പുതിയ യൂണിറ്റ് തുടങ്ങിയപ്പോൾ സന്നിഹിതരായിരുന്നു.

**ജന്മദിനസമ്മേളനം**

കത്തോലിക്ക കോൺഗ്രസിന്റെ 106-ാം ജന്മദിനസമ്മേളനം ഈ വർഷം പാലാ രൂപതയിൽ നടത്തുന്നതിന് ഗ്ലോബൽ സമിതി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**വനിതാദിനാചരണവും സോണൽ വാർഷികവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ പാലാ, രാമപുരം, കുറവിലങ്ങാട്, അരുവിത്തുറ, മുട്ടുചിറ, ഇലഞ്ഞി, മൂലമറ്റം, കൂട്ടിക്കൽ, കോതനെല്ലൂർ, പൂഞ്ഞാർ, പ്രവിത്താനം, തുടങ്ങനാട് ഫൊറോനകളിൽ വനിതാ

ദിനാചരണവും കാർഷികമേളയും സോണൽ വാർഷികാഘോഷത്തോടനുബ ന്ധിച്ച് നടത്തപ്പെടുകയുണ്ടായി. പാലാ സോണിന്റെ വാർഷികാഘോഷങ്ങൾ ളാലം പഴയപള്ളി പാരിഷ് ഹാളിൽ വച്ച് എം.എൽ.എ. മാണി സി. കാപ്പൻ ഉദ്ഘാടനം ചെയ്തു. കാർഷികമഹോത്സവം നഗരസഭാ ചെയർമാൻ ശ്രീ ഷാജു തുരുത്തൻ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും ളാലം പഴയപള്ളി വികാരി ഫാ. ജോസഫ് തടത്തിൽ അനുഗ്രഹപ്രഭാഷണവും നടത്തി. സി. ജോസ്മിത സി.എം.സി. വനിതാദിനസന്ദേശം നൽകി. കാർഷികസെമിനാർ, കലാപരിപാടികൾ, ഭാഗ്യതാരം നറുക്കെടുപ്പ് സമ്മാനദാനം എന്നിവയും നടന്നു. കാർഷികവിളകളുടെ പ്രദർശനം, വില്പന, പച്ചക്കറി – ഫലവൃക്ഷതൈ വില്പന, കൃഷി അനുബന്ധ ഉപകരണങ്ങളുടെ പ്രദർശനവും വിപണനവും ഫുഡ്ഫെസ്റ്റ് എന്നിവയും ഉണ്ടായിരുന്നു.

രാമപുരം സോണിന്റെ വാർഷികവും വനിതാദിനവും കാർഷികോത്സവവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ മഹനീയ അധ്യക്ഷതയിൽ ശ്രീ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്തു. ബഹു. എം.എൽ.എ. മാണി സി. കാപ്പൻ അവാർഡുകൾ വിതരണം ചെയ്തു. രാമപുരം ഫൊറോനവികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം അനുഗ്രഹപ്രഭാഷണവും പി.എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും നടത്തി.

മുട്ടുചിറ സോണൽ വാർഷികവും കാർഷികമഹോത്സവവും വനിതാദിനാഘോഷവും മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറോനപള്ളി പാരിഷ് ഹാളിൽ വച്ചു നടത്തപ്പെടുകയുണ്ടായി. ഫൊറോന വികാരി വെരി റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിലിന്റെ അദ്ധ്യക്ഷതയിൽ കോട്ടയം ജില്ലാ പഞ്ചായത്ത് മുൻപ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി ഉദ്ഘാടനവും വനിതാദിനസന്ദേശവും നൽകി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും അസി. ഡയറക്ടർ ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ കർഷകരെ ആദരിക്കലും നടത്തി. ഫാ. ജോസഫ് താഴത്തുവരിക്കയിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു.

കുറവിലങ്ങാട് സോണിന്റെ വാർഷികവും വനിതാദിനവും കാർഷികോത്സവും വിപുലമായ പരിപാടികളോടെ നടത്തി. കാർഷികോത്സവം വിവിധ ഇടവകയുടെ പ്രദർശനസ്റ്റാളുകൾ ഉദ്ഘാടനം ചെയ്തുകൊണ്ടു കടുത്തുരുത്തി എം. എൽ.എ. ബഹു. മോൻസ് ജോസഫ് നടത്തി. മാർ സ്ലീവ മെഡിസിറ്റി കൺസൾട്ടന്റ് ഡോ. സോൺസ് പോൾ (റേഡിയോളജി ഓങ്കോളജി) കാൻസർ അവബോധ സെമിനാർ നടത്തി. തുടർന്ന്, ആരോഗ്യപരിശോധന നടത്തി. തുടർന്ന്, വനിതാദിനാഘോഷവും സോണൽ വാർഷികവും കുറവിലങ്ങാട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീമതി സുമിത എസ്.എസ്. നടത്തുകയുണ്ടായി. ഫാ. ആന്റണി വാഴക്കാലായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും നടത്തി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ മികച്ച കർഷകരെയും വനിതാപ്രവർത്തകരെയും ആദരിച്ചു.

അരുവിത്തുറ സോൺ വാർഷികവും കാർഷികോത്സവവും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചു വിവിധ പരിപാടികളോടെ നടത്തി.

കോട്ടയം വനിതാവികസന കോർപ്പറേഷനിലെ ശ്രീ റോഷിൻ ജോൺ വനിതാസംരംഭങ്ങളെയും വായ്പാപദ്ധതിയെയുംകുറിച്ചു ക്ലാസ്സെടുത്തു. വിവിധ കലാപരിപാടികളുടെ അവതരണവും നടത്തി. പൊതുയോഗത്തിൽ ഫൊറോനപള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേലിന്റെ അദ്ധ്യക്ഷതയിൽ പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. രൂപത മാതൃവേദി സെക്രട്ടറി ശ്രീമതി ഷേർലി ചെറിയാൻ വനിതാദിനസന്ദേശം നൽകി.

മൂലമറ്റം സോണൽ വാർഷികം സോണൽ രക്ഷാധികാരി ഫാ. കുര്യൻ കാലായിൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. (അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ മുഖ്യപ്രഭാഷണവും സി. കൃപാമരിയ എസ്. എച്ച്. വനിതാദിനസന്ദേശവും നൽകി. വിവിധ കലാപരിപാടികളും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച പുരുഷ-സ്ത്രീരത്നങ്ങളെ ആദരിച്ചു.

കോതനല്ലൂർ സോണൽ വാർഷികവും വനിതാദിനാഘോഷവും സോണൽ രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിലിന്റെ അദ്ധ്യക്ഷതയിൽ കടുത്തുരുത്തി എം.എൽ.എ. അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും സി. മോണിക്ക എസ്.എച്ച്. വനിതാദിനസന്ദേശവും നൽകി.

**അഗ്രിമ റൂറൽ മാർട്ട് ഉദ്ഘാടനം**

പാലാ രൂപതയുടെ കർഷകശക്തീകരണപദ്ധതിയുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ അംഗീകാരത്തോടെ പാലാ ഹരിതം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ പള്ളിയുടെ ചർച്ച് വ്യൂ ബിൽഡിംഗിൽ ആരംഭിക്കുന്ന അഗ്രിമ റൂറൽ മാർട്ടിന്റെ ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ് ആദ്യവില്പന നിർവഹിച്ചു. വികാരി ജനറാളന്മാരായ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ, പാലാ ഹരിതം എഫ്.പി.ഒ. ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു. തേൻ, തേനുൽപ്പന്നങ്ങൾ, ചെറുധാന്യങ്ങൾ, പി.എസ്.ഡബ്ല്യു.എസിന്റെ മറ്റു എഫ്.പി.ഒ. കൾ ഉദ്പാദിപ്പിക്കുന്ന ഭക്ഷ്യസാധനങ്ങൾ, പൊടിയിനങ്ങൾ, സ്വാശ്രയസംഘങ്ങൾ, സോപ്പുത്പന്നങ്ങൾ മുതലായവ റൂറൽ മാർട്ടിൽ ലഭ്യമാണ്.

**മുടിദാനവുമായ് വനിതാദിനാഘോഷം**

രൂപത എസ്.എം.വൈ.എം. സമിതിയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കാരിത്താസ് പ്രോജക്ടായ ആശാകിരണവും സംയുക്തമായി അന്താരാഷ്ട്രവനിതാദിനം ആചരിച്ചു. മരങ്ങാട്ടുപിള്ളി സെന്റ് തോമസ് പള്ളി പാരിഷ് ഹാളിൽ വച്ചുനടന്ന വനിതാദിനസമ്മേളനം സാമൂഹ്യപ്രവർത്തക നിഷ ജോസ് കെ. മാണി ഉദ്ഘാടനം ചെയ്തു. സാമൂഹിക മുടിദാനം ചെയ്യൽ പദ്ധതിയിലേക്ക് 17 കുട്ടികൾ മുടി ദാനം ചെയ്തു. കാരിത്താസ് ഇൻഡ്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായാണ് ചടങ്ങ് സംഘടിപ്പിച്ചത്.

**ജില്ല ജലശ്രീ അദ്ധ്യാപകസമ്മേളനം**

സംസ്ഥാന ജലവിഭവവകുപ്പിന്റെ നേതൃത്വത്തിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ജില്ലാ ജലശ്രീ അധ്യാപകസമ്മേളനം പൂഞ്ഞാർ എം.എൽ.എ. അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. ചെമ്മലമറ്റം പാരിഷ് ഹാളിൽ ചേർന്ന സമ്മേളനത്തിൽ സ്കൂൾ മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ചു. സ്കൂൾ ജലശ്രീ ക്ലബുകൾക്കായി സംഘടപ്പിച്ച ഷോർട്ട് ഫിലിം മത്സരവിജയികൾക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. ജലഭൗമശാസ്ത്രജ്ഞൻ ഡോ. വി. സുഭാഷ് ചന്ദ്രബോസ് ക്ലാസ് നയിച്ചു.

**നെൽക്കൃഷി വിളവെടുപ്പ്**

കുറിച്ചിത്താനും കർഷകഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ നെൽക്കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. നാലേക്കറോളം പാടത്ത് നടത്തിയ സംഘകൃഷി വൻവിജയമായിരുന്നു.

**മുഖ്യമന്ത്രിയുമായി മുഖാമുഖം**

കാർഷിക സ്വയംപര്യാപ്ത നവകേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കാലാവസ്ഥാവ്യതിയാനത്തെ സമർത്ഥമായി നേരിടാൻ കാർഷികമുറകൾ അവലംബിക്കുന്നതിനും കാർഷികോത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പുതുകർഷകരെയും പുതുസംരംഭകരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി സമഗ്രമായ ചർച്ച നടത്തുന്നതിനും അഭിപ്രായസ്വരൂപണത്തിനുമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പാലാ സാന്തോം എഫ്.പി.ഒ. ചീഫ് എക്സിക്യൂട്ടീവ് വിമൽ ജോണി മുഖ്യമന്ത്രിയുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ ഗുണഭോക്താക്കളായ 106 കുടുംബങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി 24,85,825 രൂപ, അവരുടെ ബാങ്ക് അക്കൗണ്ട് വഴിയായി കൈമാറി. ലഭിച്ച തുക ഉപയോഗിച്ച് മുൻ നിശ്ചയിച്ച പദ്ധതി നടപ്പിലാക്കിയ എല്ലാവരുടെയും ഡോക്യുമെന്റേഷൻ നടപടികൾ പൂർത്തീകരിച്ചു.

പുതുതായി തിരഞ്ഞെടുത്ത 225 കുടുംബങ്ങളുടെയും ആറുവർഷത്തേക്കുള്ള പ്ലാനിംഗ് നടപടികൾ ആരംഭിച്ചു. ഇവർക്ക് അടുത്തവർഷം ജനുവരിയോടു കൂടിയായിരിക്കും ആദ്യവർഷം സ്വയംതൊഴിൽ ചെയ്യുന്നതിനുവേണ്ടിയുള്ള തുക കൈമാറുക.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**സോണൽ സമ്മേളനങ്ങൾ**

**രാമപുരം സോണൽ മീറ്റിംഗ്:**

DCMS സംഘടനയുടെ സപ്തതിവർഷം സോണൽസമ്മേളനം ആഘോഷങ്ങളുടെ ഭാഗമായി രാമപുരം, പ്രവിത്താനം, കടനാട് എന്നീ മേഖലകൾ ഉൾപ്പെട്ട ആദ്യസോണൽ സമ്മേളനം 2024 മാർച്ച് 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് ബഹു. ഫോറോന വികാരി റവ. ഫാ. ബെർക്കുമാൻസ് കുന്നുപുറം അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. DCMS രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി യോഗത്തിനു സ്വാഗതം ആശംസിച്ചു. സംഘടനയുടെ ആരംഭവും വളർച്ചയും നേട്ടങ്ങളും ഇനിയും നേടിയെടുക്കേണ്ട ആവശ്യങ്ങളെകുറിച്ചും ആമുഖ പ്രസംഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് പറയുകയുണ്ടായി.

സമൂഹത്തിൽ വളരെ കരുത്തുറ്റ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു സംഘടന വളരെ ആവശ്യമാണെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ ബെർക്കുമാൻസ് അച്ചൻ പറയുകയുണ്ടായി. സമ്മേളനം പാലാ രൂപതാ വികാരി ജനറൽ വെരി റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ വളരെ കരുത്തുറ്റ പ്രവർത്തനങ്ങൾ നടത്താൻ സംഘടന ആവശ്യമാണ്. അതിനാൽ, നമ്മൾ സംഘടനയുടെ ശക്തി തിരിച്ചറിയണമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ അച്ചൻ പറയുകയുണ്ടായി. കൂടാതെ, കുടുംബനവീകരണത്തിലൂടെ കുടുംബശക്തീകരണവും യുവജന - വനിതാ ശക്തീകരണവും ഉണ്ടാകണമെന്നും അച്ചൻ പറയുകയുണ്ടായി.

തുടർന്ന്, രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തുകയും രൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി സപ്തതിവർഷ കർമ്മപദ്ധതി അവതരിപ്പിച്ച് വിശദീകരിക്കുകയും ചെയ്തു. കടനാട് മേഖല ഡയറക്ടർ ഫാ. ഐസക് പെരിങ്ങാമലയിൽ, രാമപുരം മേഖല ഡയറക്ടർ ഫാ. എബ്രഹാം കാക്കാനിയിൽ സംസ്ഥാന സെക്രട്ടറി ബിജി സാലസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

തുടർന്ന്, സോണൽ പ്രവർത്തനസമിതി കമ്മിറ്റി തിരഞ്ഞെടുക്കുകയും ഫൊറോനവികാരിമാർ രക്ഷാധികാരിയും മേഖല ഡയറക്ടർ ചെയർമാന്മാരായും സെക്രട്ടറിയായി ബിജി ജോസഫ്, സീന T.A. രാമപുരം ജോയിന്റ് സെക്രട്ടറിയായി ശ്രീമതി ജോസ്മി രാമപുരം, ഖജാൻജിയായി ശ്രീ A.P. ജോസഫ് പിഴക് എന്നിവരെയും 5 സബ്കമ്മിറ്റി കൺവീനേഴ്സിനെയും അംഗങ്ങളെയും തിരഞ്ഞെടുത്തു. പ്രവിത്താനം മേഖലയിൽനിന്നുള്ള രൂപതാകമ്മിറ്റിയംഗം ശ്രീ ജോസ്സിമോൻ തോമസ് കൃതജ്ഞത അർപ്പിച്ചു യോഗം അവസാനിച്ചു. നൂറ്റമ്പതോളം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

**പൂഞ്ഞാർ സോണൽ മീറ്റിംഗ്:**

DCMS സംഘടനയുടെ സപ്തതിവർഷം സോണൽ സമ്മേളനങ്ങളുടെ ഭാഗമായി പൂഞ്ഞാർ, അരുവിത്തുറ, കൂട്ടിക്കൽ, തീക്കോയി എന്നീ മേഖലകൾ

സംയുക്തമായിട്ടുള്ള പൂഞ്ഞാർ സോണൽ സമ്മേളനം 2024 മാർച്ച് 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. മാത്യു കടൂക്കുന്നേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. യോഗം DCMS രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ കമ്മിറ്റി അംഗം ശ്രീ ജസ്റ്റിൻ മാത്യു സ്വാഗതം അർപ്പിക്കുകയും രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. രൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി കർമ്മപരിപാടി വിശദീകരിക്കുകയും രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. പൂഞ്ഞാർ, അരുവിത്തുറ, കൂട്ടിക്കൽ, തീക്കോയി എന്നിവിടങ്ങളിൽനിന്നുള്ള ദളിത് കത്തോലിക്ക അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. രൂപതാ കമ്മിറ്റി അംഗം ശ്രീ ജോയ് മാത്യു യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

**കുറവിലങ്ങാട് സോണൽ മീറ്റിംഗ്**

DCMS സംഘടനയുടെ സപ്തതിവർഷം സോണൽ സമ്മേളനങ്ങളുടെ ഭാഗമായി കുറവിലങ്ങാട്, മുട്ടുചിറ, കോതനല്ലൂർ, ഇലഞ്ഞി, കടുത്തുരുത്തി എന്നീ മേഖലകൾ ഉൾപ്പെട്ട മൂന്നാമത് സോണൽ സമ്മേളനം 2024 മാർച്ച് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മാർത്ത്മറിയം ആർച്ച് ഡീക്കൻ പിൽഗ്രിം ചർച്ച് ഫൊറോനപള്ളി മുത്തിയമ്മ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുകയുണ്ടായി. കുറവിലങ്ങാട് മേഖല DCMS ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. DCMS രൂപതാ ഖജാൻജി ശ്രീമതി മേരി എം.പി. യോഗത്തിനു സ്വാഗതം ആശംസിച്ചു. സംഘടനയുടെ ആരംഭവും വളർച്ചയും നേട്ടങ്ങളും ഇനിയും നേടിയെടുക്കേണ്ട ആവശ്യങ്ങളെക്കുറിച്ചും ആമുഖപ്രസംഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ പറയുകയുണ്ടായി.

സമ്മേളനം ഹൊസൂർ രൂപതാ ബിഷപ് മാർ സെബാസ്റ്റ്യൻ പൊഴലിപ്പറമ്പിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. സപ്തതി ആഘോഷങ്ങളുടെ മുഖമുദ്രയായ "കുടുംബനവീകരണവും സമുദായശാക്തീകരണവും" എന്ന തിന്മേൽ ആസ്പദമാക്കി പിതാവ് സംസാരിക്കുകയുണ്ടായി. വിശ്വാസജീവിതത്തിന്റെ ആണിക്കല്ല് കുടുംബമാണെന്നും അതിനാൽ വാശിയും വൈരാഗ്യവുമെല്ലാം വെടിഞ്ഞു സ്നേഹത്തിൽ ഒന്നായിത്തീരുമ്പോളാണ് ദൈവ-സാന്നിധ്യം ഉണ്ടാവുക, സ്വർഗ്ഗമായിത്തീരുക എന്ന് വളരെ ലളിതമായ ഒരു സംഗീതത്തിലൂടെ പിതാവ് പറയുകയുണ്ടായി.

തുടർന്ന് പാലാ രൂപതാ ഇവാഞ്ചലൈസേഷൻ അസി. ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി സപ്തതി വർഷകർമ്മപദ്ധതി അവതരിപ്പിച്ച് വിശദീകരിക്കുകയും ചെയ്തു. രൂപതാ ജോയിന്റ് സെക്രട്ടറി ശ്രീ ബിപിൻ ബേബി, രൂപതാ രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപതാകമ്മിറ്റിയംഗം ശ്രീ ഫ്രാൻസിസ് ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു.

തുടർന്ന് സോണൽ പ്രവർത്തനസമിതി കമ്മിറ്റി തിരഞ്ഞെടുക്കുകയും ഫൊറോന വികാരിമാർ രക്ഷാധികാരികളായും മേഖല ഡയറക്ടർമാർ ചെയർമാന്മാരുമായും സെക്രട്ടറിയായി ശ്രീമതി പെണ്ണമ്മ ജേക്കബ്, ഖജാൻജിയായി ശ്രീ ഒ.ജെ. ജോൺ എന്നിവരെയും 5 സബ് കമ്മിറ്റി കൺവീനേഴ്സിനെയും അംഗങ്ങളെയും തിരഞ്ഞെടുത്തു. രൂപതാ-സംസ്ഥാന കമ്മിറ്റി അംഗം ശ്രീ ബാബു പീറ്റർ കൃതജ്ഞത അർപ്പിച്ചു യോഗം അവസാനിച്ചു. വിവിധ ഇടവകകളിൽ നിന്നായി നൂറോളം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപതാകമ്മിറ്റിയംഗം ശ്രീ ഫ്രാൻസിസ് ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മാസ മീറ്റിംഗ്**

**1.** സ്പെഷൽ സ്കൂൾ ഭാരവാഹികൾക്കായി ഓൺലൈൻ മീറ്റിംഗ് നടന്നു.

2. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

3. ഓൾഡ് ഏജ് ഹോം സ്ഥാപനങ്ങളുടെ ഓൺ ലൈൻ മീറ്റിംഗ് കൂടി

4. 23-3-2024 സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്ററുകളുടെ മീറ്റിംഗ് രാമപുരം കുഞ്ഞച്ചൻ മിഷനറിഭവനിൽ വച്ച് നടത്തി. എല്ലാ സ്ഥാപനാധികാരികളും പങ്കെടുത്തു.

**2. സ്പെഷൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

സ്പെഷൽ സ്കൂൾ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി അടുത്ത അധ്യയന വർഷത്തിനുമുൻപ് നടത്തേണ്ട ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിനെക്കുറിച്ചുള്ള പ്രാരംഭചർച്ചകൾ നടത്തി.

**3.ആനിവേഴ്സറി**

1. പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിന്റെ ആനിവേഴ്സറിയിൽ പങ്കെടുത്തു സന്ദേശം നൽകി.

2. കൊച്ചിടപ്പാടി സ്നേഹാരാം സ്പെഷൽ സ്കൂളിന്റെ ആനിവേഴ്സറിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

3. അന്തീനാട് ശാന്തിനിലയം സ്പെഷൽ സ്കൂളിന്റെ ആനിവേഴ്സറിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

**4. സന്ദർശനം**

എല്ലാ സ്പെഷൽ സ്കൂളും സന്ദർശിച്ച് സ്റ്റാഫ് മീറ്റിംഗ് കൂടി ഈ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത അധ്യയനവർഷത്തേക്കുള്ള പദ്ധതികൾ ചർച്ചചെയ്യുകയും ചെയ്തു.

**സന്ദർശനം നടത്തിയ സ്പെഷൽ സ്കൂളുകൾ:**

1. ആയാംകുടി ആശാനികേതൻ സ്പെഷൽ സ്കൂൾ.
2. തീക്കോയി ദീപ്തി ഡി.സി.എം.ആർ. സ്പെഷൽ സ്കൂൾ.
3. അന്തീനാട് ശാന്തിനിലയം സ്പെഷൽ സ്കൂൾ.

**5. പുതിയ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - സി. റീബാ വേത്താനത്ത് എഫ്.സി.സി |
| വൈസ് പ്രസിഡന്റ് | - സി. ആൻജോ എസ്.എം.എസ് |
| സെക്രട്ടറി | - സി. ജോയൽ എസ്.ആർ.എ |
| ജോ. സെക്രട്ടറി | - സി. എമിൽ എൽ.എ.ആർ |
| ട്രഷറർ | - സി. റാണിറ്റ് എസ്.എ.ബി.എസ് |

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺലൈൻ രജിസ്ട്രേഷൻ**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഓൺലൈൻ രജിസ്ട്രേഷൻ തുടരുന്നു.

**2. ലേബർ കോൺക്ലേയ്വ്**

മാർച്ച് 9, 10 തീയതികളിൽ എറണാകുളം ആശീർഭവനിൽവച്ചു നടന്ന ലേബർ കോൺക്ലേയ്വിൽ ഡയറക്ടറു, പുരുഷ-വനിതാ വിഭാഗങ്ങളിൽനിന്നുള്ളവരും പങ്കെടുത്തു. മാറിവരുന്ന തൊഴിൽനിയമങ്ങളും തൊഴിലാളികളുടെ ആനുകൂല്യങ്ങളും എന്നീ വിഷയങ്ങൾ കോൺക്ലേവിൽ ചർച്ചചെയ്യപ്പെട്ടു.

**3. ഫൊറോന വൈദികസമ്മേളനം**

1. പ്രവിത്താനം ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും അസംഘടിത ക്ഷേമനിധിയെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും പരിചയപ്പെടുത്തുകയും ചെയ്തു.
2. കോതനല്ലൂർ ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും അസംഘടിത ക്ഷേമനിധിയെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും പരിചയപ്പെടുത്തുകയും ചെയ്തു.

**4. കെ.എൽ.എം കോ-ഓർഡിനേറ്റേഴ്സ്**

കെ.എൽ.എം. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ഇടവകയിൽനിന്നും രണ്ടു പ്രതിനിധികളുടെ പേരുവിവരങ്ങൾ ശേഖരിച്ചു.

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എക്സിക്യൂട്ടീവ് കൂടുകയും എല്ലാ ഇടവകയിൽനിന്നും കെ.എൽ.എം കോ-ഓർഡിനേഴ്സിനെ തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുകയുണ്ടായി.

**5. ഗാർഹികക്ഷേമനിധി അംഗത്വം നൽകൽ**

1. ഉള്ളനാട് ഇടവകയിൽ അസംഘടിത ഗാർഹികക്ഷേമനിധിയിൽ അംഗത്വസ്വീകരണം നടത്തി. ബഹു. വികാരി ഫാ. മാത്യു മതിലകത്ത് മീറ്റിംഗ് ഉദ്ഘാടനം നടത്തി. കുടുംബക്കൂട്ടായ്മ, മാതൃവേദി അംഗങ്ങൾ മീറ്റിംഗിൽ സംബന്ധിച്ചു.

2. കോതനല്ലൂർ ഇടവകയിൽ അസംഘടിത ഗാർഹികക്ഷേമനിധിയിൽ അംഗത്വ സ്വീകരണം നടത്തി. ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കകുഴുപ്പിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. മീറ്റിംഗിൽ ഫാ. തോമസ് മാമലശ്ശേരിൽ അധ്യക്ഷനായിരുന്നു. മാതൃവേദി അംഗങ്ങൾ മീറ്റിംഗിൽ സംബന്ധിച്ചു.

**6. പ്രതിഷേധപ്രകടനം**

വന്യമൃഗ ആക്രമണത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എം.വൈ.എം. ചേർപ്പുങ്കലിൽ നടത്തിയ ഉപവാസ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പങ്കെടുത്തു.

**7. വിവിധ ക്ഷേമനിധികളിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

**8. അറിയിപ്പ്**

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, അസംഘടിത തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ 2024 വർഷത്തേക്കുള്ള പുതുക്കൽ നടന്നുകൊണ്ടിരിക്കുന്നു.

**9.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ആത്മവിശുദ്ധികരണധ്യാനം**

ലഹരിവിമുക്തരായവരും കുടുംബാംഗങ്ങൾക്കുമായി മാർച്ച് 8, തീയതികളിൽ അഡാർട്ടിൽ വെച്ച് ആത്മവിശുദ്ധീകരണധ്യാനം നടത്തി. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, ബ്ര. ജോർജ്ജുകുട്ടി ആഗസ്തി, ബ്ര. ഔതച്ചൻ പനച്ചിക്കൽകരോട്ട്, ബ്ര. ജോസ് കാവാലി, ശ്രീ. N.M. സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (AA)**

മാർച്ച് മാസം 3, 10, 17, 24, 31 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ. N.M. സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ബോധവത്കരണക്ലാസ്സുകൾ**

മാർച്ച് മാസം 17-ാം തീയതി ആലുവ മംഗലപ്പുഴ സെമിനാരിയിലെ ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളായ പത്തോളം വൈദികവിദ്യാർത്ഥികൾക്ക് ലഹരിയാസക്തിയെ സംബന്ധിച്ചും അഡാർട്ടിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും ബോധവത്കരണക്ലാസ്സുകൾ നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ ഒരുക്കങ്ങൾ നമുക്ക് നേരത്തേ തുടങ്ങാം. രക്ഷകനും നാഥനുമായ ഈശോയെ ആഴത്തിൽ അറിയുക, ബൈബിൾ പ്രാർത്ഥനാപൂർവം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച ലോഗോസ് ക്വിസ് മത്സരം 24-ാം വർഷത്തിലേക്കു കടക്കുകയാണ്. ഈ അവസരത്തിൽ കൂടുതൽ ആളുകളെ ഈ ബൈബിൾ പഠനവേദിയിലേക്കു കൊണ്ടുവരാൻ നമുക്ക് ഒരുമിച്ചു പരിശ്രമിക്കാം. ഈ ലക്ഷ്യത്തിനുവേണ്ട ക്രമീകരണങ്ങൾ ഇപ്പോഴെ ആരംഭിക്കുമല്ലോ.

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2024 ജൂൺ 1

രജിസ്ട്രേഷൻ അവസാനിക്കുന്നത് 2024 ജൂലൈ 31

മത്സരസമയം 2024 സെപ്തംബർ 29 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

രജിസ്ട്രേഷൻ ഫീസ് 20/-

പഠനഭാഗം ന്യായാധിപൻ 1-10<br>
പ്രഭാഷകൻ 34-40<br>
ലൂക്കാ. 9-16<br>
2 കൊറിന്തോസ് 7-13

പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

NB: ലോഗോസ് ക്വിസ് 2023 ന്റെ സമ്മാനങ്ങൾ ഇടവകകളിൽ വിതരണം ചെയ്തു എന്ന് കരുതുന്നു.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി നടത്തുന്ന ബൈബിൾ കോഴ്സിന്റെ മാർച്ച് മാസത്തിലെ ക്ലാസ് ഫാ. സെബാസ്റ്റ്യൻ കുറ്റിയാങ്കൽ നയിച്ചു. ഏപ്രിൽ 13 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുന്ന അടുത്ത ക്ലാസ് ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ നയിക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** ഈ മാസത്തിലെ എല്ലാ തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിലും ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

**2.** മാർച്ച് 8, 26 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**3.** മാർച്ച് 6, 7 തീയതികളിൽ ഭരണങ്ങാനം MST സെമിനാരിയിൽ മാസധ്യാനം നടത്തി.

**4. വാർഷിക ധ്യാനങ്ങൾ**

ഫെബ്രു 29, മാർച്ച് 1, 2 - പാലക്കാട്ടുമല
മാർച്ച് 11, 12, 13- മംഗളഗിരി
മാർച്ച് 14, 15, 16 മംഗളാരാം
മാർച്ച് 21, 22, 23 - മുത്തോലി
മാർച്ച് 24, 25, 26 - ളാലം പഴയ പള്ളി

**5.** വലിയ ആഴ്ചയിൽ ഉള്ളനാട്, വലവൂർ ഇടവകകളെ സഹായിച്ചു.

**6. ഹോസ്പിറ്റൽ മിനിസ്ട്രി**

പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സെബാസ്റ്റ്യൻ പൈലി കരോട്ടെ കുഴികണ്ടത്തിൽ കോ-ഓർഡിനേറ്ററായും സി. ജെയ്സി സി.എം.സി. യെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. മാർച്ച് 16 ന് ഭരണങ്ങാനം മേരിഗിരി ഹോസ്പിറ്റൽ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**7. സ്ട്രീറ്റ് മിനിസ്ട്രി**

ഈ മാസം 8 15, 17, 20, 22 തീയതികളിൽ ഇടുക്കിയിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് സുവിശേഷപ്രഘോഷണം നടത്തി. റിട്ട. എസ്.ഐ. റ്റി.എം മാത്യു നേതൃത്വം നൽകി. ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കെടുത്തു.

**8.** ആകാശപ്പറവകളുടെ കൂട്ടുകാർ സംഘടിപ്പിച്ച 40-ാം വെള്ളി പാലാ- കോട്ടയം കുരിശിന്റെ വഴിയിൽ ഏറ്റുമാനൂരിൽ സന്ദേശം നൽകി.

**9.** 41-ാമത് ബൈബിൾ കൺവൻഷന്റെ കണക്കവതരണവും ഇവാലുവേഷൻ മീറ്റിംഗും മാർച്ച് 4 ന് ബിഷപ്സ് ഹൗസിൽ നടത്തി. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അദ്ധ്യക്ഷത വഹിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണിമുതൽ 2 മണിവരെയും കുരിശിന്റെ വഴി, ജപമാല, സ്തുതി, ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. മാർച്ചുമാസത്തിൽ ബ്രദർ ബെന്നി കെ.വി. രാമപുരം, ബ്രദർ അനിൽ അമയന്നൂർ, ബ്രദർ കെ. കെ. ജോസഫ് എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2. നാല്പതാം വെള്ളിയാചരണം**

കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ അരുവിത്തുറ വല്യച്ചൻ മലയിലേക്ക് കുരിശിന്റെവഴി നടത്തുകയും തുടർന്ന് വിശുദ്ധകുർബാന അർപ്പിക്കുകയും ചെയ്തു.

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന സെമിനാർ പ്രവിത്താനം ഫോറോനാ ദൈവലയത്തിൽ നടന്നുകൊണ്ടിരിക്കുന്നു സ്ലീവാപുരം ഇടവകയിൽ നടന്നുകൊണ്ടിരുന്നത് പൂർത്തിയാകുകയും ചെയ്തു.

**4. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരുന്ന മാർച്ച് 7ന് വ്യാഴം മൂലമറ്റം സെന്റ് ജോർജ് ദൈവലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്യുകയും വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ശ്രീ ബാബു തൊമ്മനാമറ്റം വചനപ്രഘോഷണം നടത്തി. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയുണ്ടായി.

**5.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10.00 വരെ വചനസന്ദേശവും മദ്ധ്യസ്ഥ പ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെട്ടു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**ബോധവത്കരണക്ലാസ്സ്**

മാർച്ച് മാസം 4-ാം തീയതി ഇടുക്കി ജില്ലാജയിൽ സന്ദർശിച്ച് തടവറയിൽ കഴിയുന്നവർക്കായി മാനസ്സികാരോഗ്യത്തെ സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും തടവറയിൽ കഴിയുന്നവരുമായും ജയിൽ അധികൃതരുമായും സംസാരിക്കുകയും ചെയ്തു. ക്ലാസ്സുകൾക്ക് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, സെക്രട്ടറി സി. ലിസ്മരിയ തുടങ്ങിയവർ നേതൃത്വം നൽകി.

**കലാസന്ധ്യ**

ആലുവ മംഗലപ്പുഴ സെമിനാരിയിലെ ജീസ്സസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ ജയിൽതീർത്ഥാടനത്തിന്റെ ഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പാലായുടെ ആഭിമുഖ്യത്തിൽ മാർച്ച് മാസം 16-ാം തീയതി മണ്ണയ്ക്കനാട് OLC ബധിര വിദ്യാലയത്തിലെ കുട്ടികൾക്കായി കലാസന്ധ്യ നടത്തി.

**ജയിൽതീർത്ഥാടനം**

ആലുവ മംഗലപ്പുഴ സെമിനാരിയിലെ ജീസ്സസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ ജയിൽതീർത്ഥാടനത്തിന്റെ ഭാഗമായി മാർച്ച് മാസം 17-ാം തീയതി പാലാ സബ്ജയിൽ സന്ദർശിക്കുകയും ജയിൽ അധികൃതരുമായും തടവറയിൽ

കഴിയുന്നവരുമായും സംസാരിക്കുകയും തടവറയിൽ കഴിയുന്നവർക്കായി കലാപരിപാടികാളും ബോധവത്കരണക്ലാസ്സുകളും നടത്തുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷ ണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർ പ്പണം, 10 മണിമുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക - കൈവയ്പ്പുശുശ്രൂഷ കൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - മാർച്ച് 9 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

2. മൗണ്ട് നെബോ ആബാഭവനം ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കലിന്റെ നേതൃത്വത്തിൽ അമേരിക്കയിലെ - Hartford, Alabama- കാനഡയിലെ- Ontario, Torronto എന്നിവിടങ്ങളിൽ വിവിധ ധ്യാനങ്ങൾ നടത്തി.

3. മൗണ്ട് നെബോ ആബാഭവനം അസി. ഡയറക്ടർ റവ. ഫാ. ജോസഫ് മൂക്കൻതോട്ടത്തിന്റെ നേതൃത്വത്തിൽ വിമലഗിരി, നെല്ലാപ്പാറ ഇടവകകളിൽ വാർഷികധ്യാനങ്ങൾ നടത്തി.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 ഏപ്രിൽ 13 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 ഏപ്രിൽ 28 മുതൽ മേയ് 4 വരെ പഞ്ചദിന ദൈവരാജ്യനുഭവധ്യാനം.

ബുക്കിംഗിന് : 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു. ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപതാസമിതിയുടെ, ആഭിമുഖ്യത്തിൽ വിവിധ റീജിയൻ സമിതികളുടെയും യൂണിറ്റ് സമിതികളുടെയും സഹകരണത്തോടെ 16-03-2024 ശനിയാഴ്ച രാവിലെ 9 മണി മുതൽ വിവിധ പരിപാടികളോടെ പൈക സെന്റ് ജോസഫ് പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് നോമ്പുകാലസമ്മേളനം നടത്തപ്പെട്ടു. കുരിശിന്റെ വഴി, ഫ്രാൻസിസ്കൻ പ്രാർത്ഥനകൾ എന്നിവയോടെ ആരംഭിച്ച പൊതുസമ്മേളനത്തിൽ കഴിഞ്ഞ വാർഷികപൊതുയോഗത്തിനുശേഷം മരണമടഞ്ഞ അല്മായസഹോദരങ്ങളെ അനുസ്മരിച്ചു പ്രാർത്ഥിച്ചു.

ഫ്രാൻസിസ്കൻ അല്മായസഭ പാലാ രൂപത പ്രസിഡന്റ് Bro. സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം പൈക സെന്റ് ജോസഫ് പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ പുത്തൂർ ഉദ്ഘാടനം ചെയ്തു. SFO പാലാ രൂപത സ്പിരിചാൽ അസിസ്റ്റന്റ് റവ.ഫാ ആന്റണി വെച്ചൂർ OFM. Cap. അനുഗ്രഹ പ്രഭാഷണവും SFO ചങ്ങനാശ്ശേരി അതിരൂപത ഡയറക്ടറും സ്പിരിചാൽ അസിസ്റ്റന്റുമായ റവ. ഫാ. തോമസ് വെട്ടിക്കൽ OFM. Cap. മുഖ്യപ്രഭാഷണവും നടത്തി. SFO രൂപത ഫോർമേറ്റർ അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ഭരണങ്ങാനം റീജിയൻ മിനിസ്റ്റർ Bro. റ്റോമി സേവ്യർ തെക്കേൽ സദസിന് സ്വാഗതവും, രൂപത എക്സിക്യൂട്ടീവ് അംഗം Bro. V. T. മത്തായി വാളിയാങ്കൽ കൃതജ്ഞതയും രേഖപ്പെടുത്തി. സമ്മേളനത്തിനുശേഷം ആഘോഷമായ വി. കുർബാനയും ഉച്ചയ്ക്ക് സ്നേഹ വിരുന്നും നടത്തപ്പെട്ടു.

വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളും അഭിവന്ദ്യ പിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾദിനവുമായ മാർച്ച് 19-ാം തീയ്യതി ചൊവ്വാഴ്ച മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ എന്നിവരെ SFO പാലാ രൂപത സ്പിരിചാൽ അസിസ്റ്റന്റു മാരായ റവ.ഫാ.ആന്റണി വെച്ചൂർ OFM. Cap, റവ.ഫാ. ജിതിൻ വടക്കുംമുറി OFM. Cap, റവ.ഫാ. ആദർശ് വടക്കേത്ത് OFM. Cap. എന്നിവരുടെ നേതൃത്വത്തിൽ രൂപതാ സമിതിയംഗങ്ങൾ സന്ദർശിക്കുകയും, ആശംസകൾ നേരുകയും ചെയ്തു.

ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് സമാധാനവും സൗഭാഗ്യവും നേരുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്ങുകൾ**

1. മേജർ ആർച്ചുബിഷപ്പിന്റെ സാന്നിധ്യത്തിൽ കാക്കനാട് വച്ചു നടന്ന ദീപിക മീറ്റിംഗിൽ പങ്കെടുത്തു. പാലാ രൂപതയിൽനിനിന്നുള്ള സംസ്ഥാന ഭാരവാഹികളും മീറ്റിംഗിൽ പങ്കെടുത്തു.

2. ഉരുളികുന്നം സ്കൂൾ വാർഷികാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

**2. പ്രതിഷേധപ്രകടനങ്ങൾ**

1. പൂഞ്ഞാർ പള്ളിയിൽ നടന്ന സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടത്തിൽ പ്രതിഷേധിച്ച് ഡി.എഫ്.സി. ചേർപ്പുങ്കൽ ഫൊറോന സംഘടിപ്പിച്ച മീറ്റിങ്ങിൽ പങ്കെടുത്തു.

2. വന്യമൃഗ ആക്രമണത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എം.വൈ.എം. ചേർപ്പുങ്കലിൽ നടത്തിയ ഉപവാസസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു പങ്കെടുത്തു.

**3. ഫൊറോന വൈദിക മീറ്റിംഗ്**

1. പ്രവിത്താനം ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും ദീപിക ഫ്രണ്ട്സ് ക്ലബ്ബുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

2. കോതനല്ലൂർ ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും ദീപിക ഫ്രണ്ട്സ് ക്ലബ്ബുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു.

**4. ഡി.എഫ്.സി. ഇലക്ഷൻ**

ഡി.എഫ്.സി രൂപത, ഫൊറോന മീറ്റിംഗ് മീറ്റിംഗ് കൂടി ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**5. ട്രെയിനിങ് പ്രോഗ്രാം**

രൂപത, ഫൊറോന ഭാരവാഹികൾക്കായി ട്രെയിനിങ് നടത്തി. ദീപിക സർക്കുലേഷൻ മാനേജർ ഫാ. ജിനോ പുന്നമറ്റം ക്ലാസ്സുകൾ നയിച്ചു.

**6. പുതിയ ഭാരവാഹികൾ**

**പുരുഷവിഭാഗം**

| | | |
|---|---|---|
| പ്രസിഡന്റ് | : ജയ്സൺ ജോസഫ് കുഴികോടിയിൽ | ചേർപ്പുങ്കൽ |
| വൈസ് പ്രസിഡന്റ് | : ടോമി സ്കറിയ വാളികുളത്ത് | കടനാട് |
| സെക്രട്ടറി | : ബിജു മാത്യു കദളിയിൽ | തുടങ്ങനാട് |
| ജോ. സെക്രട്ടറി | : മധു സെബാസ്റ്റ്യൻ | കടനാട് |
| ട്രഷറർ | : സ്റ്റാൻലി ജോർജ് | പൂഞ്ഞാർ |

**വനിതാവിഭാഗം**

| | | |
|---|---|---|
| പ്രസിഡന്റ് | : ജാൻസി ജോസഫ് തോണക്കര | കടനാട് |
| വൈസ് പ്രസിഡന്റ് | : തെയ്യാമ്മ തോമസ് പാറയ്ക്കൽ | ചേർപ്പുങ്കൽ |
| സെക്രട്ടറി | : ആലീസ് തോമസ് പാറയടിയിൽ | അരുവിത്തുറ |
| ജോ. സെക്രട്ടറി | : മേഴ്സി ജോസഫ്, മൂന്നാനപ്പള്ളിൽ | അരുവിത്തുറ |
| ട്രഷറർ | : ഫ്ളവറി സെബാസ്റ്റ്യൻ, വാളനാട്ട് | ചേർപ്പുങ്കൽ |

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)






## ഫാ. ജോസഫ് ഔസേപ്പറമ്പിൽ

പ്രവിത്താനം സെയ്ന്റ് അഗസ്റ്റിൻസ് പള്ളി ഇടവകയിൽ മൈക്കിളിന്റെയും ഏലിയാമ്മയുടെയും 10 മക്കളിൽ ഒരാളായി 1938 ജൂലൈ 20-ാം തീയതി ജോസഫ് ഔസേപ്പറമ്പിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തത്ത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും, സംസ്കൃതത്തിൽ പി.എച്ച്.ഡിയും കരസ്ഥമാക്കി. തുടർന്ന് 1959 ൽ രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനത്തിനായി ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. 1967 ഡിസംബർ 16-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ കടപ്ലാമറ്റം പള്ളിയിൽ അസ്തേന്തി അച്ചനായും, തുടർന്ന് ചിറ്റാർപള്ളിയിൽ വികാരിയായും ശുശ്രൂഷ ചെയ്തു. തുടർന്ന് പൂനയിലെ CASS (സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡി ഇൻ സാൻസ്ക്രിറ്റ്) യൂണിവേഴ്സിറ്റിയിൽ 1981-83 കാലഘട്ടത്തിൽ ജോലി ചെയ്തു. 1983-89 കാലഘട്ടത്തിൽ സ്നേഹസദൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും 1989 -91 കാലഘട്ടത്തിൽ പൂനാ യൂണിവേഴ്സിറ്റിയിലെ തത്ത്വശാസ്ത്രവിഭാഗത്തിലും 1991-97 കാലഘട്ടത്തിൽ CASSയിലും ശുശ്രൂഷ ചെയ്തു. 2003 മുതൽ യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷനിൽ സീനിയർ ഫെലോയായും തത്ത്വശാസ്ത്രവിഭാഗധത്തിലും സേവനം ചെയ്തുവരികയായിരുന്നു. പൂനയിൽ ആയിരിക്കുമ്പോൾതന്നെ വാർദ്ധക്യസഹജമായ രോഗങ്ങൾക്ക് ശുശ്രൂഷയിലായിരുന്നു. രോഗാവസ്ഥ കൂടുതലായതിനാൽ ചേർപ്പുങ്കൽ മാർസ്ലീവാ

മെഡിസിറ്റിയിലേക്കു പോന്നു. ആശുപത്രിയിൽ ശുശ്രൂഷ സ്വീകരിച്ചു വരവേ 2024 മാർച്ച് 22 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട ജോസഫ് ഔസേപ്പറമ്പിലച്ചന്റെ ഭൗതികശരീരം 2024 മാർച്ച് 25-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ മുഖ്യകാർമികത്വത്തിൽ പ്രവിത്താനം സെയ്ന്റ് അഗസ്റ്റിൻസ് ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു. വിശുദ്ധ കുർബാനമധ്യേ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ജോസഫ് അച്ചനെക്കുറിച്ച് പങ്കുവെച്ച ചിന്ത ഇപ്രകാരമായിരുന്നു: "ഈ ലോക ത്തിലായിരുന്നപ്പോൾ ധാരാളം അറിവ് സമ്പാദിക്കുകയും ഭാഷാപരമായ പ്രാഗല്ഭ്യം നേടുകയും സംസ്കൃതത്തിൽ പി.എച്ച്.ഡി. കരസ്ഥമാക്കു കയും ചെയ്ത പ്രതിഭാശാലിയായിരുന്നു ജോസഫച്ചൻ. ഈ ഭൂമിയിലെ ധാരാളം അറിവുകൾ സമ്പാദിച്ചാലും യഥാർത്ഥമായ അറിവും, യഥാർത്ഥ മായ വഴിയും, യഥാർത്ഥമായ സത്യവും ഈശോയാണ് എന്ന് അച്ചൻ തന്റെ ജീവിതവഴിത്താരകളിലൂടെ അനുഭവിക്കുകയായിരുന്നു."

മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വ സ്തദാസനായ ബഹുമാനപ്പെട്ട ജോസഫ് അച്ചനെ ജീവന്റെ കിരീടവും അണിയിക്കട്ടെ.



## സി. തെരേസ് ജോർജ് അപ്പശ്ശേരിൽ എസ്.എച്ച്.

പാലാ രൂപതയിലെ നരിയങ്ങാനം ഇടവകയിൽ അപ്പശ്ശേരി കുടുംബത്തിൽ പരേതരായ വർക്കി - ഏലി ദമ്പതികളുടെ പത്തുമക്കളിൽ ആറാമത്തെ പുത്രിയായി 1948 മെയ് 15 ന് ഭൂജാതയായ തെയ്യാമ്മയ്ക്ക് മാമ്മോ ദീസയിൽ ലഭിച്ച പേര് ത്രേസ്യാ എന്നായിരുന്നു. SSLC പാസായശേഷം 1969 ൽ രാമപുരം മഠത്തിൽ അർത്ഥിനി യായി വന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1971 ഒക്ടോബർ 14 ന് ആദ്യവ്രതവും 1979 ഒക്ടോബർ 10 ന് നിത്യവ്രതവും അനുഷ്ഠിച്ചു. ചക്കാമ്പുഴയിലും കോട്ടയം മെഡിക്കൽ സെന്ററിലും മുതലക്കോടം ഹോളി ഫാമിലി ആശുപത്രിയിലും പ്രാക്ടീസ് ചെയ്തു. ഒരു നല്ല നേഴ്സായി മൂലമറ്റം BVMC യിലും വയലായിലും കുമ്മണ്ണൂരും മാനത്തൂരും രാമ പുരത്തും വിശ്വസ്തതയോടെ, ആത്മാർത്ഥതയോടെ സേവനം ചെയ്തു. 23 വർഷത്തോളം ചക്കാമ്പുഴ എസ്.എച്ച്. ആശുപത്രിയിലും എസ്.എച്ച്. ഭവനിലും ആയിരുന്നുകൊണ്ട് രാപകൽ അധ്വാനിച്ചു. ഗുജറാത്തിലെ മോർബിയിലും റയ്പൂരിലെ അംസേനായിലും ബിജാപ്പൂരിലെ

ഡിസ്പെൻസറിയിലും ഗ്രാമങ്ങളിലെ ജനങ്ങളുടെ സമുദ്ധാരണത്തിന് ഏറെ താത്പര്യത്തോടെ സേവനനിരതയായിരുന്ന സി. തെരേസ് ജോർജിനെ മിഷനറി സഹോദരിമാരും നാട്ടുകാരും നന്ദിയോടെ അനുസ്മരിക്കുന്നു. മിഷൻഭവനമായ നമ്പ്യാകുളം ഇടവകയിലും സേവനം ചെയ്തു. വളരെ വർഷങ്ങളായി വാതസംബന്ധമായ രോഗങ്ങൾ തെരേസാമ്മയെ അലട്ടിയിരുന്നു. എങ്കിലും രോഗത്തിന്റെ വേദനകൾ എല്ലാം സന്തോഷത്തോടെ സഹിച്ചു. പ്രായമായ അമ്മമാരെ, രോഗികളെ ശുശ്രൂഷിക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്നു. 2024 മാർച്ച് നാലിന് ക്ഷീണം വർദ്ധിച്ചു. സുബോധത്തോടെ രോഗീലേപനം സ്വീകരിച്ചു. 2024 മാർച്ച് രാവിലെ 7 ന് തെരസാമ്മയുടെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2024 മാർച്ച് എട്ടാം തീയതി മൃതസംസ്കാരശുശ്രൂഷകൾ ചക്കാമ്പുഴ എസ്. എച്ച്. ഭവൻ ചാപ്പലിൽ ആരംഭിച്ചു. ചക്കാമ്പുഴ ലൊരെത്തുമാതാ പള്ളി സെമിത്തേരിയിൽ പാലാ രൂപത പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ കാർമികത്വത്തിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.




## MARCH 2024

| | | |
|---|---|---|
| 01 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | ബിഷപ്സ് ഹൗസിൽ സംരംഭകത്വ സംവിധാനമായ NESTന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 05.15 pm | മൂന്നാനി സി.എം.സി. കോൺവെന്റിൽ സി. ആൻസി സി.എം.സിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 02 | 10.30 am | മലപ്പുറം ഇടവകയിൽ ബഹുമാനപ്പെട്ട മഠത്തിപ്പറമ്പിൽ ജോസഫ് അച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ അറുപതാം വാർഷികാഘോഷങ്ങൾക്കു വിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി ആശംസകളറിയിച്ചു. |
| | 6.45 pm | കൂടല്ലൂർ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 03 | 07.45 am | കൂടല്ലൂർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നുനടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| 04 | 10.30 am | ചേർപ്പുങ്കൽ ബി.വി.എം. കോളേജിന്റെ ബിരുദദാനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 05 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ സന്ദർശനം നടത്തി. |

| | | |
|---|---|---|
| 06 | 03.00 pm | ബിഷപ്സ് ഹൗസിൽ വിദ്യാഭ്യാസ സിനഡൽ കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 07 | 03.30 pm | പാലാ ളാലം പഴയ പള്ളി ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനം ആശീർവദിച്ചു. |
| | 04.30 pm | പ്രവിത്താനം ഫൊറോനയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനം ആശീർവദിച്ചു. |
| | 05.30 pm | ചക്കാമ്പുഴ ഹോസ്പിറ്റൽ ചാപ്പലിൽ തിരുഹൃദയ സന്ന്യാസിനീസമൂഹാംഗം സി. തെരേസ് അപ്പശ്ശേരിലിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 08 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കവീക്കുന്ന് സ്കൂൾ ശതാബ്ദിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 09 | 11.00 am | ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് ഗവേണിങ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 04.00 pm | മാർ അപ്രേം സെമിനാരിയിൽ സന്ദർശനം നടത്തി. |
| | 06.45 pm | പാളയം പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 10 | 07.45 am | പാളയം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 2.30 pm | രാമപുരം ഫൊറോന സംഘടിപ്പിച്ച കാർഷികമേളയിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. |
| | 09.00 pm | ദീപിക ദിനപത്രത്തിന്റെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 11 | 10.00 am | ബിഷപ്സ് ഹൗസിൽ രൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട ചർച്ചകൾക്കു നേതൃത്വം നൽകി. |

| | | |
|---|---|---|
| | 3.00 pm | ബിഷപ്സ് ഹൗസിൽ രൂപതയുടെ പ്ലാറ്റിനം ജൂബിലി-യോടനുബന്ധിച്ചു നടത്താനുദ്ദേശിക്കുന്ന ഹോം മിഷൻ പദ്ധതിക്കായി വിവിധ സന്ന്യാസിനീസമൂഹങ്ങളുടെ ജനറൽ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സുമായി ചർച്ച നടത്തി. |
| 12 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | പാലാ സെയ്ന്റ് വിൻസെന്റ് ആശ്രമദൈവാലയത്തിൽ ബഹു. മാത്യു ചീരാൻകുഴി സി.എം.ഐ. അച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 5.00 pm | കൊഴുവനാൽ ഇടവകയിൽ ദാനമായി ലഭിച്ച 95 സെന്റ് സ്ഥലത്ത് ഹോം പാലാ പ്രോജക്റ്റുമായി സഹകരിച്ചു നിർമ്മിക്കുന്ന വീടുകൾക്കായുള്ള ശിലാസ്ഥാപനത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 13 | 10. 00 am | ബിഷപ്സ് ഹൗസിൽ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പുസ്തകത്തിന്റെ പ്രകാശനകർമ്മം നടത്തി. |
| | 11.00 am | ചേർപ്പുങ്കൽ ഫൊറോനയിൽ PSWS ന്റെ ഭാഗമായി പുതുതായി നിർമ്മിക്കപ്പെട്ട അഗ്രിമ റൂറൽ മാർക്കറ്റിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 14 | 3.00 pm | മൂഴൂർ എൽ.പി. സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 6.30 pm | തിരുവല്ല ഭദ്രാസനത്തിൽവച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ റീജണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. |
| 15 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ഭരണങ്ങാനം എൽ.പി. സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 4.00 pm | പാലാ കത്തീഡ്രൽ ഇടവകാംഗം മണ്ണാപറമ്പിൽ അമൽ ഷാജിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 5.00 pm | ബിഷപ്സ് ഹൗസിൽ വാഹനം വെഞ്ചരിച്ചു. |
| 16 | 10.00 am | ഷലോം പാസ്റ്ററൽ സെന്ററിൽ നവീകരിക്കപ്പെട്ട എസ്.എം.വൈ.എം. ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി, എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിക്കുകയും ചെയ്തു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ പാലാ രൂപതയുടെ ഹയർ എജ്യുക്കേഷൻ കൗൺസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 6.45 pm | മംഗളഗിരി പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 17 | 07.45 am | മംഗളഗിരി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| 18 | 9.00 am | പാലാ മാർ അപ്രേം വൈദികമന്ദിരത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| | 11.00 am | ചങ്ങനാശ്ശേരി കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ മരണത്തിന്റെ ഒന്നാം വാർഷികത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഒപ്പീസ് പ്രാർത്ഥനയിൽ പങ്കെടുത്തു. |
| | 2.00 pm | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 7.00 pm | ബിഷപ്സ് ഹൗസിൽ മാർ യൗസേപ്പിന്റെ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ റംശാപ്രാർത്ഥനയിൽ സംബന്ധിച്ചു. |
| 19 | 6.00 am | മാർ യൗസേപ്പിന്റെ തിരുനാളിനോടനുബന്ധിച്ച് ബിഷപ്സ് ഹൗസ് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. |
| | 9 am to 5 pm | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 20 | 2.00 pm | എരുമേലി ഫൊറോനയിൽ കാഞ്ഞിരപ്പള്ളി മുൻ അധ്യക്ഷൻ മാർ മാത്യു അറയ്ക്കലിന്റെ സഹോദരൻ ശ്രീ മത്തായി വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ സഹകാർമ്മികത്വം വഹിച്ച് അനുശോചനസന്ദേശം നൽകി. |

| | | |
|---|---|---|
| | 6.00 pm | പാലാ സെയ്ന്റ് തോമസ് കോളേജിൽ പ്രിൻസിപ്പൽ ഡോ. ജെയിംസ് ജോൺ മംഗലത്തിന്റെയും മറ്റ് അധ്യാപകരുടെയും വിരമിക്കൽചടങ്ങിൽ സംബന്ധിച്ചു. |
| 21 | 3.00 pm | ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ പി.ഡി.ഇ. എം.ഇ. മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 5.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിക്കപ്പെട്ട നേഴ്സിംഗ് ഓഫീസ് വെഞ്ചെരിച്ചു. |
| | 6.00 pm | ബിഷപ്സ് ഹൗസിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 22 | 3.00 pm | ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ പുതുതായി നിർമ്മിക്കപ്പെടുന്ന കാൻസർ കെയർ സെന്ററിന്റെയും റിസർച്ച് കേന്ദ്രത്തിന്റെയും ശിലാസ്ഥാപനകർമ്മം സീറോ മലബാർ മേജർ ആർച്ചു ബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനോടൊപ്പം നിർവഹിച്ചു. |
| | 7.30 pm | തൊടുപുഴ നെടിയശാല ഇടവകയിൽ വരകിൽ പറമ്പിൽ ശ്രീമതി കുട്ടിയമ്മയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 23 | 07.00 am | പാലാ കത്തീഡ്രലിൽ രൂപതയിലെ 12 വൈദികാർത്ഥികൾക്കു മ്ശംശാനപട്ടം നൽകി. |
| 24 | 6.45 am | പാലാ കത്തീഡ്രലിൽ ഓശാനതിരുക്കർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| 25 | 1.00 pm | പ്രവിത്താനം ഫൊറോനാ പള്ളിയിൽ ഔസേപ്പറമ്പിൽ ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| 26 | 10.00 am | ബിഷപ്സ് ഹൗസിൽ മൂങ്ങാമാക്കൽ ബഹു. വിൻസെന്റ് അച്ചൻ രചിച്ച അൾത്താരബാലന്മാർക്കായുള്ള പുസ്തകം ‘അൾത്താരയിലെ മാലാഖമാർ’ പ്രകാശനം ചെയ്തു. |
| 28 | 7.00 am | പാലാ കത്തീഡ്രലിൽ പെസഹാവ്യാഴതിരുക്കർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 8.00 pm | ബിഷപ്സ് ഹൗസിൽ പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു. |
| 29 | 8.00 am | പാലാ കത്തീഡ്രലിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മ ങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. തുടർന്നു നടന്ന സ്ലീവാപ്പാതയിൽ സംബന്ധിച്ചു. |
| | 2.30 pm | പാലാ ളാലം പഴയ പള്ളിയിൽ പീഡാനുഭവവെള്ളി ആചരണത്തോടനുബന്ധിച്ചുള്ള പാനവായനയ്ക്കു നേതൃത്വം വഹിച്ചു. |
| | 6.00 pm | പാലാ കത്തീഡ്രലിൽ പീഡാനുഭവവെള്ളി ആചരണ ത്തോടനുബന്ധിച്ചുള്ള പാനവായനയ്ക്കു നേതൃത്വം വഹിച്ചു. |
| 30 | 3.45 pm | നീലൂർ ഇടവകയിൽ കാണ്ടാവനത്തിൽ ശ്രീമതി റോസമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 31 | 3.00 am | പാലാ കത്തീഡ്രലിൽ ഈസ്റ്ററിന്റെ തിരുക്കർമ്മ ങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# മംഗളഗിരി ഇടവക



# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# കൂടല്ലൂർ ഇടവക



# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
## പാളയം ഇടവക



2024
APRIL

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# ഓശാന, പെസഹ, ഹാശ വെള്ളി, ഖ്യംത തിരുക്കർമ്മങ്ങൾ



Printed at St.Thomas Press, Palai and Published by Fr. John Pakkarampel